# ഉള്ളടക്കം

**അദ്ധ്യായം 1 : പഠനത്തിന്റെ സംക്ഷിപ്ത രൂപം**

1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

1.2 സ്ഥലം

1.3 ഭൂമി ഏറ്റെടുക്കുന്നതിന്റെ വിസ്താരവും ഗുണങ്ങളും

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതിയുടെ പശ്ചാത്തലം

2.2. പദ്ധതിയുടെ യുക്തി

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7. അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ പഠനങ്ങളുടെ വിവരങ്ങൾ

2.10. ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം**

3.1 പഠന സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിന്റെ യുക്തിയും, പഠനത്തിനു വേണ്ട വിവരശേഖരണം നടത്തിയ രീതിയും

3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4 വിവരസ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം

3.5 തൽപ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും

**അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം**

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം പ്രത്യാഘാതബാധിതമാകുന്ന മൊത്തം പ്രദേശം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമല്ല)

4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5. പദ്ധതിക്കായി വിലകൊടുത്തുവാങ്ങിയിരിക്കുന്നതോ പണയത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും

4.7. ആഘാതബാധിതഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയുണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം

4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

## അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

5.1.1.പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ(സ്വന്തംഭൂമിനഷ്ടപ്പെടുന്നവർ)

5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

## അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്ര്യാവസ്ഥയും

6.3 ദുർബ്ബലജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണ സംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

## അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ളമാർഗ്ഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 നഷ്ടപരിഹാരവുമായിബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

7.7. അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

**അദ്ധ്യായം 8 : സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം**

8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2. ഗവർണ്മെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9 : സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യപ്രത്യഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2. റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

**അദ്ധ്യായം 11 : നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ**

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം,ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

## പട്ടികകൾ

3.1. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം

3.5. മീറ്റിങ്ങുകളുടെ സമയക്രമം

5.1.1. ആഘാതബാധിത കുടുംബങ്ങൾ

6.1.1. സാമൂഹ്യ വിഭാഗം

6.1.2. വൈവാഹിക അവസ്ഥ

6.1.3. വിദ്യാഭ്യാസ നിലവാരം

6.5. വരുമാനമാർഗം

7.6. പ്രത്യാഘാത ദൂരീകരണ ആസൂത്രണം

## ചിത്രങ്ങൾ

4.7.1. ഭൂമിയുടെ സ്വഭാവം

4.7.2. ഭൂമിയുടെ ഉപയോഗം

6.1.1. മതവിഭാഗം

6.1.2. പ്രായം

6.1.3. ലിംഗഭേദം

6.2.1. വരുമാനതലം

6.2.2. ദാരിദ്ര്യതലം

# അദ്ധ്യായം 1

# പഠനത്തിൻെറ സംക്ഷിപ്ത രൂപം

## 1.1. ആമുഖം: പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റിയിൽ ഉൾപ്പെട്ടതും ജില്ലാ തലസ്ഥാനമായ പാല ക്കാട് നിന്നും 17 കി.മി.. ദൂരെ തെക്ക് കിഴക്കായി സ്ഥിതി ചെയ്യുന്നതുമായ പട്ടണമാണ് തത്തമംഗലം. തമിഴ്നാട് സംസ്ഥാനത്തിലെ പൊള്ളാച്ചിയെയും പാലക്കാടിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന സംസ്ഥാന ഹൈവേ 27ലെ ഒരു പ്രധാന കണ്ണി കൂടിയാണ് തത്തമംഗലം. ഇരു സംസ്ഥാനങ്ങളിലേയ്ക്കും കടന്നു പോകുന്ന വാഹനങ്ങളുടെ വർദ്ധിച്ചുകൊണ്ടി രിക്കുന്നതും നഗരത്തിലെ റോഡുകളുടെ വ്യാപ്തിക്കുറവും ഗതാഗതക്കുരുക്കും മലിനീകര ണവും സുരക്ഷിത പ്രശ്നങ്ങൾക്കും തുടങ്ങി മറ്റു അനുവിധ പ്രശ്നങ്ങൾക്കും കാരണമാ കുന്നു. മേൽപറഞ്ഞ പ്രശ്നങ്ങൾ തരണം ചെയ്യുന്നതിനും ടി പ്രദേശത്തുകൂടിയുള്ള ഗതാഗതം സുഗമമാക്കുന്നതിനും തത്തമംഗലത്തിനും പെരുവെമ്പിനുമിടയിൽ 3.76 കി.മീ നീളത്തിൽ ബൈപാസ് റോഡ് നിർമ്മിക്കുവാൽ കേരള പൊതുമരാമത്ത് വകുപ്പ് ഉദ്ദേശി ക്കുന്നു. 7 മീറ്റർ വീതിയിൽ ക്യാരേജ് പാത ഉൾപ്പെടെ 20 മീറ്റർ വീതിയിൽ നിർദ്ദിഷ്ട റോഡ് നിർമ്മാണത്തിനായി ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റിയിൽ ഉൾപ്പെട്ടതും പെരുവെമ്പ് പഞ്ചായത്തിലെ 2.7894 ഹെക്ടർ ഭൂമി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു.

ആദ്യ ഘട്ടമായ 750 മീറ്റർ റോഡ് നിർമ്മാണത്തിന് റോഡ്, കലുങ്ക്, കാന തുടങ്ങി യവയുടെ നിർമ്മാണം, ഭൂമി ഏറ്റെടുക്കൽ നടപടികൾ എന്നിവയ്ക്കു വേണ്ടി വരുന്ന 298 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

### 1.2 പദ്ധതി പ്രദേശം

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ തത്തമംഗലം പെരുവെമ്പ് വില്ലേജുകളിൽ 3.76 കി.മീ ദൈർഘ്യത്തിൽ 21 കുടുംബങ്ങളുടെ ഉടമസ്ഥതിയിലും കൂടാതെ സർക്കാർ ഭൂമിയും ഉൾപ്പെടെ 2.7894 ഹെക്ടർ സ്ഥലമാണ് പദ്ധതി പ്രദേശം. നെൽവയലും, തെങ്ങിൻതോ പ്പുകളും ഉൾപ്പെടുന്ന ഒരു നാട്ടിൻപുറമാണ് പ്രസ്തുത പ്രദേശം. എന്നിരുന്നാലും ജനങ്ങ ളുടെ ജീവിത നിലവാരവും സാഹചര്യങ്ങളും പൊതുവെ തൃപ്തികരമാണ്.

## 1.3 ഏറ്റെടുക്കുന്ന ഭൂമിയുടെ വിസ്താരവും ഗുണങ്ങളും

തത്തമംഗലത്തിനും പെരുവെമ്പിനുമിടയിൽ 376 കി.മീറ്റർ ദൈർഘ്യത്തിലും 20 മീറ്റർ വീതിയിലും ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിന് ചിറ്റൂർ -തത്തമംഗലം മുനിസിപ്പാ ലിറ്റിയിൽ നിന്നും പെരുവെമ്പ് പഞ്ചയത്തിൽ നിന്നുമായി 2.7894 ഹെക്ടർ സ്ഥലമാണ്

ഏറ്റെടുക്കപ്പെടുന്നത്. സർക്കാർ ഉടമസ്ഥതയിലുള്ള 0.0890 ഹെക്ടർ പൊതുകനാലും 0.0219 ഹെക്ടർ മുനിസിപ്പൽ റോഡും നിർദ്ദിഷ്ട ഏറ്റെടുക്കലിൽ ഉൾപ്പെടുന്നു. ശേഷിച്ച സ്ഥലങ്ങൾ 21 കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ളതാണ്.

നിർദ്ദിഷ്ട ബൈപാസ് റോഡ് നിർമ്മാണം 2 ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. ആദ്യഘട്ടമായി മേട്ടുപ്പാളയം കവലയിലെ പി.ടി.പി. റോഡിൻെറ 15/800 കി.മീറ്ററിൽ നിന്നും ആരംഭിച്ച് 750 മീറ്റർ ദൂരെ തത്തമംഗലം-പാലത്തുള്ളി മുനിസിപ്പൽ റോഡിൽ ചേരുന്നു.

രണ്ടാമത്തെ ഘട്ടത്തിൽ ചെന്താരതീയറ്ററിൽ നിന്നു മുനിസിപ്പൽ റോഡിലൂടെയും പെരുവെമ്പ് കവലയിലേയ്ക്കുള്ള പഞ്ചായത്ത് റോഡിലൂടെയും പുതുനഗരം-കിണശ്ശേരി പൊതുമരാമത്ത് വകുപ്പ് റോഡ് വരെ പുതിയ റോഡ് വ്യാപിപ്പിക്കും. നിലവിലെ മുനിസിപ്പൽ റോഡ് പള്ളിമുക്കിലേക്ക് യോജിപ്പിച്ചുകൊണ്ട് ചെന്താര തീയറ്ററിനെ പി.ടി.പി. റോഡിൻെറ 14/500 കി.മീറ്ററിൽ കൂട്ടിയോജിപ്പിക്കുന്ന 150 മീറ്റർ അനുബന്ധ റോഡിൻെറ നിർമ്മാണവും ആസൂത്രണം ചെയ്തിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ തത്തമംഗലത്തിനും പെരുവെമ്പിനുമിടയിലെ ബൈപ്പാസ് റോഡ് നിർമ്മാണ പദ്ധതി 2009 ജനുവരി 2 ലെ കേരള മുഖ്യമന്ത്രിയുടെ “വിഷൻ 2010” പദ്ധതിയിൽ ഉൾപ്പെട്ടിരുന്നതാണ്. ഭൂമിയേറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥനായി സ്പെഷ്യൽ തഹസിൽദാറെ നിയമിച്ചുവെങ്കിലും അർത്ഥനാധികാരി സമയാധിഷ്ഠിതമായ് നഷ്ടപരിഹാരതുക നൽകാതിരുന്നതിനാൽ 2015 ജൂണിൽ പദ്ധതി പുനരുജ്ജീവിപ്പിച്ചു. 22/03/2017 ൽ സർക്കാർ അനുമതി ലഭിച്ചതിനാൽ പാലക്കാട് ജില്ലാ കളക്ടർ 29/03/2017 തീയതിയിലെ ഉത്തരവ് നമ്പർ സി.5/2017/12682/9 പ്രകാരം നമ്പർ 1 സ്പെഷ്യൽ തഹസിൽദാറെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥനായും (ജനറൽ), പാലക്കാട് ഡെപ്യൂട്ടി കളക്ടറെ പുനരധിവാസ-പുന:സ്ഥാപന നടപടികളുടെ അഡ്മിനിസ്ട്രേറ്ററായും പുതുക്കി നിയമിച്ചു.

പദ്ധതി ആഘാതബാധിതർ ഉൾപ്പടെയുള്ള പൊതുജനം പദ്ധതി അംഗീകരിക്കുന്നു. ഭൂമി ഏറ്റെടുക്കുന്നതിന് വളരെ കുറഞ്ഞ എതിർപ്പുകളേ ഉള്ളൂ; എന്നിരുന്നാലും ഭൂമി ഏറ്റെടുക്കലിൻെറ പ്രത്യാഘാതം ദൂരീകരിക്കുന്നതിന് നിലവിലെ നിയമങ്ങളും ചട്ടങ്ങളും പ്രകാരമുള്ള ന്യായമായ നഷ്ടപരിഹാരവും മറ്റ് നടപടികളും കൈക്കൊള്ളേണ്ടതാണ്.

### 1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

തത്തമംഗലം നഗരത്തിലെ സംസ്ഥാന ഹൈവെ 27 ലെ ഗതാഗതം സുഗമമാക്കുന്നതിന് കേരള പൊതുമരാമത്ത് വകുപ്പിൻെറ നിരത്ത് വിഭാഗം തത്തമംഗലത്തിനും പെരുവെമ്പിനുമിടയിൽ ബൈപാസ് റോഡ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. നഗരത്തിൽ സ്ഥല

ത്തിൻെറ അപര്യാപ്തതയും, റോഡുകളുടെ ഇരുവശങ്ങളിലും കച്ചവടസ്ഥാപനങ്ങളുടെയും വാണിജ്യവാഹനങ്ങളുടെയും ആധിക്യവും നിമിത്തം ഹൈവെയുടെ വീതി കൂട്ടുക അസാദ്ധ്യമാണ്. 3.76 കി.മീറ്റർ ദൈർഘ്യത്തിലുള്ള നിർദ്ദിഷ്ട റോഡിൻെറ അലൈൻമെൻറിൽ കഴിയുന്നത്ര ജനവാസ സ്ഥലങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ നിലവിൽ കൃഷി ചെയ്യാത്ത ഇടങ്ങളിലൂടെയായിരിക്കും റോഡ് കടന്നുപോകുന്നത് എന്നതിനാൽ കാർഷിക പ്രവർത്തനങ്ങളെ വളരെ മിതമായേ ബാധിക്കുകയുള്ളു. ഏറ്റവും കുറവ് ആഘാതത്തിലും എന്നാൽ കഴിയുന്നത്ര ജനങ്ങൾക്ക് പ്രയോജനപ്രദമാകുന്ന വിധത്തിലും പദ്ധതി നടപ്പിലാക്കുവാൻ വേണ്ട രീതിയിലുള്ള സ്ഥലങ്ങൾ കണ്ടെത്തുവാൻ അർത്ഥനാധികാരി ശ്രദ്ധിച്ചിട്ടുണ്ട്.

**1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ**

തത്തമംഗലം-പെരുവെമ്പ് ബൈപ്പാസ് റോഡിൻെറ അലൈൻമെൻറ് പ്രകാരം 21 ഭൂവുടമകൾക്ക് സ്ഥലം നഷ്ടമാകും എന്നതാണ പ്രധാന ആഘാതം. 1 കുടുംബത്തിന് ഭൂമി നഷ്ടമാകുന്നതു കൂടാതെ പ്രദേശത്തുനിന്നും കുടിയൊഴിയേണ്ടതായും വരും. സജീവമായ നെൽവയലുകളും തെങ്ങിൻതോപ്പുകളും ആഘാതബാധിതമാകുന്നതിനാൽ ചില കുടുംബങ്ങളുടെ ഉപജീവനമർഗം നഷ്ടമാകും. പദ്ധതിയുടെ ആഘാതങ്ങൾ ചുരുക്കത്തിൽ താഴെ പ്രതിപാദിക്കുന്നു.

വീട് നഷ്ടമാകൽ : 1 കുടുംബം

ഭൂമി നഷ്ടമാകൽ : 21 കുടുംബങ്ങൾ

സർക്കാർ ഭൂമി നഷ്ടമാകൽ : 4 സ്ഥലങ്ങൾ

ഉപജീവനമർഗം നഷ്ടമാകൽ : 6 കുടുംബങ്ങൾ

തെങ്ങും മറ്റ് വിളകളും നഷ്ടമാകൽ

വിപരീത പ്രത്യാഘാതങ്ങളുണ്ടെങ്കിലും നിർദ്ദിഷ്ട പദ്ധതി പ്രദേശത്തെ ഗതാഗതം സുഗമമാക്കുകയും മറ്റ് പ്രദേശങ്ങളിലേയ്ക്കുള്ള പ്രവേശനം എളുപ്പമാക്കുകയും ചെയ്യും എന്നതിനാൽ പദ്ധതി ജനങ്ങൾക്ക് വളരെയധികം പ്രയോജനം ചെയ്യും എന്ന് പ്രതീക്ഷിക്കുന്നു.

1.6. **ലഘൂകരണ നടപടികൾ**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O(Ms) No.448/2017/RDപ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമിഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള

പോളിസി പ്രകാരമുള്ള പുനഃരധിവാസ–പുനഃസ്ഥാപന പാക്കേജ് ആഘാതബാധിതമാകുന്ന കുടുംബങ്ങൾക്ക് നൽകുന്നതുവഴി പദ്ധതിയുടെ പ്രത്യാഘാതം ദൂരീകരിക്കുവാനാകും. കൂടാതെ നഷ്ടമാകുന്ന പൊതുവസ്തുക്കളും ഉപജീവനമാർഗങ്ങളും പുനർനിർമ്മിക്കുകയും വെട്ടിമാറ്റുന്ന വൃക്ഷങ്ങൾക്ക് പകരം വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുകയും വേണം

# അദ്ധ്യായം 2

# പദ്ധതിയുടെ വിശദവിവരങ്ങൾ

## 2.1 പദ്ധതിയുടെ പശ്ചാത്തലവും യുക്തിയും

ഏറ്റവും ചെലവ് കുറഞ്ഞ മാർഗം എന്നനിലയിൽ ചരക്ക് ഗതാഗതത്തിനും യാത്രയ്ക്കും ഏറ്റവും കൂടുതൽ ആശ്രയിക്കപ്പെടുന്ന റോഡുകൾ ഇന്ത്യയിലെ നിർണ്ണായക ഗതാഗത മാർഗമാണ്. ദേശീയ/സംസ്ഥാന പാതകൾ, ജില്ലാതലത്തിലും ഗ്രാമങ്ങളിലുമുള്ള റോഡുകൾ ഉൾപ്പടെ 5.23 മില്ല്യൺ കിലോ മീറ്റർ റോഡുകൾ കൊണ്ട് എല്ലാ മുക്കും മൂലയും ബന്ധപ്പെടുത്തിയിരിക്കുന്ന ഇന്ത്യ റോഡ് കണക്റ്റിവിറ്റിയുടെ കാര്യത്തിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്നു.(ദേശീയ പാത അതോറിറ്റി, ഇന്ത്യ, വാർഷിക റിപ്പോർട്ട് 2016–17). ഇന്ത്യയിലെ ആഭ്യന്തര വളർച്ചാനിരക്കിൻെറ 4.7% നൽകുന്നത് റോഡ് ഗതാഗതത്തിലൂടെയാണെന്ന് കണക്കാക്കപ്പെടുന്നു; 1% മാത്രമാണ് റെയിൽ ഗതാഗതം ലഭ്യമാക്കുന്നത്. സാമ്പത്തികമായ പ്രാധാന്യം മാത്രമല്ല, രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള ജനങ്ങളെയും സ്ഥാപനങ്ങളെയും, വ്യത്യസ്ത മേഖലകളെയും കൂട്ടിയിണക്കുന്നതു വഴി സാമൂഹ്യോദ്ഗ്രഥനത്തിനും റോഡുകൾ വഴിതെളിക്കുന്നു.

കേരള പൊതുമരാമത്ത് വകുപ്പ്-നിരത്ത്, പാലം മെയിൻറനൻസ് പോളിസി ഉത്തരവ് (22/10/2016) അനുസരിച്ച് സംസ്ഥാനത്ത് ദേശീയ പാതകൾ (1542 കി.മി.) ഒഴിച്ച് 1.5 ലക്ഷം കി.മി.റോഡ് ശൃംഖല പൂർത്തീകരിച്ചു, മറ്റ് പ്രധാന റോഡുകളുടെ നിർമ്മാണവും, സംരക്ഷണവും, നിയന്ത്രണവും സംസ്ഥാന സർക്കാരിൻെറ സാമ്പത്തിക സഹായത്തോടെ കേരള പൊതുമരാമത്ത് വകുപ്പ് നിർവ്വഹിക്കുന്നു.

സംസ്ഥാനത്തിൻെറ പൊതുമരാമത്ത് മന്ത്രാലയത്തിൻെറ കീഴിൽ പ്രവർത്തിക്കുന്ന പ്രധാന വകുപ്പുകളിലൊന്നാണ് കേരള പൊതുമരാമത്ത് വകുപ്പ്. സർക്കാർ ഏറ്റെടുക്കുന്ന പൊതുമരാമത്ത് പ്രവർത്തനങ്ങളുടെ രൂപരേഖ, നിർവ്വഹണം, സംരക്ഷണം എന്നിവ നിർവ്വഹിച്ചുകൊണ്ട് സംസ്ഥാനത്തിൻെറ സാമ്പത്തിക വളർച്ചയും സഞ്ചാരവും വകുപ്പ് മെച്ചപ്പെടുത്തുന്നു. 5 ചീഫ് എഞ്ചിനീയർമാരുടെ കീഴിൽ 20 സൂപ്രണ്ട് എഞ്ചിനീയർമാർ, 76 എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, 289 അസ്സിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, 639 അസ്സിസ്റ്റൻറ് എഞ്ചിനീയർമാർ കൂടാതെ മറ്റു ജീവനക്കാരും ഉൾപ്പെടുന്ന വ്യവസ്ഥാപിതമായ ഘടനയിലാണ് പൊതുമരാമത്ത് വകുപ്പിൻെറ പ്രവർത്തനം.

കേരള സംസ്ഥാനത്തെ പാലാക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിലെ 2 പ്രധാന നഗരങ്ങളാണ് തത്തമംഗലവും, പെരുവെമ്പും. പ്രദേശത്ത് വർദ്ധിച്ചു വരുന്ന ഗതാഗതവും

നിലവിലെ റോഡുകളുടെ അപര്യാപ്തതയും കണക്കിലെടുക്കുമ്പോൾ പുതിയ റോഡുകൾ നിർമ്മിക്കേണ്ടതും, നിലവിലെ റോഡുകൾ വീതി കൂട്ടേണ്ടതും, അറ്റകുറ്റ പണികൾ നടത്തേണ്ടതും ഗതാഗതം സുഗമമാക്കുന്നതിന് ഒഴിവാക്കാനാകാത്ത ഘടകമാണ്. നിലവിൽ പ്രദേശത്തെ റോഡുകളുടെ ഇരുവശവും കടകൾ, ക്ഷേത്രങ്ങൾ മറ്റു പ്രധാന സ്ഥാപനങ്ങൾ എന്നിവയാൽ ഇടുങ്ങിയ അവസ്ഥയിലായതിനാൽ റോഡുകൾ വിസ്തൃതമാക്കുക സാധ്യമല്ല. ആയതിനാൽ പൊതുമരാമത്ത് വകുപ്പ് തത്തമംഗലത്തിനും പെരുവെമ്പിനും ഇടയിൽ പുതുതായി ബൈപാസ് റോഡ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ തത്തമംഗലത്തിനും പെരുവെമ്പിനുമിടയിൽ പുതിയ ബൈപ്പാസ് റോഡിൻെറ നിർമ്മാണം 2009 ജനുവരി 2-ാം തീയതിയിലെ കേരള സംസ്ഥാന മുഖ്യമന്ത്രിയുടെ “വിഷൻ 2010” പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. തത്തമംഗലം നഗരത്തിലെ വീതി കുറഞ്ഞതും വാഹന ആധിക്യമേറിയതുമായ പൊതുനിരത്തുകളിലും സംസ്ഥാന ഹൈവേ 27 ലും നിലവിൽ അനുഭവപ്പെടുന്ന ഗതാഗതകുരുക്കുകൾ കുറച്ച് ഗതാഗതം സുഗമമാക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. 7 മീറ്റർ വീതിയുള്ള ക്യാരേജ്‌വേ ഉൾപ്പടെ 20 മീറ്റർ മൊത്തം വീതിയിലും 3.76 കി.മീറ്റർ നീളത്തിലുമാണ് പദ്ധതി ആസൂത്രണം ചെയ്യുന്നത്. ഉത്തരവു 915/2018 പ്രകാരം റവന്യൂ (ബി) വകുപ്പ് നിർദ്ദിഷ്ട പദ്ധതി ഒരു പൊതു താത്പര്യമായി പരിഗണിക്കുകയും തത്തമംഗലം പെരുവെമ്പ് വില്ലേജുകളിൽ നിന്നും 2.7894 ഹെക്ടർ സ്ഥലം പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുവാൻ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

20(12) 2018 ലെ കേരള ഗസറ്റ് വിജ്ഞാപനം G.O.(P)No.88/2018/RD പ്രകാരം ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 അനുശാസിക്കുന്ന പ്രകാരം നിർദ്ദിഷ്ട പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണ റിപ്പോർട്ട് തയ്യാറാക്കുന്നതിനും രാജഗിരി ഔട്ട്റീച്ച്, രാജഗിരി കോളേജ് ഓഫ് സോസ്യൽ സയൻസ്സസ്, കളമശേരിയെ ചുമതലപ്പെടുത്തി.

**2.2 നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു താത്പര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പെടെ പദ്ധതിയുടെ യുക്തി.**

ജില്ലാ തലസ്ഥാനമായ പാലക്കാടിൻെറ തെക്ക് കിഴക്ക് 17 കി.മീറ്റർ ദൈർഘ്യത്തിൽ സ്ഥിതി ചെയ്യുന്ന 2 നഗരങ്ങളാണ് തത്തമംഗലവും, ചിറ്റൂരും. പ്രസ്തുത നഗരങ്ങളിലൂടെ കേരളം, തമിഴ്നാട് സംസ്ഥാനങ്ങളിൽ നിന്ന് അങ്ങോട്ടും ഇങ്ങോട്ടും ചരക്ക് ഗതാഗതം നടക്കുന്നതിനാൽ പ്രസ്തുത പ്രദേശത്തിന് പ്രാധാന്യം ഉയർന്നു. ഇവിടം ജനസാന്ദ്രതയേറിയതും, നിലവിലെ റോഡുകളുടെ ഇരുവശങ്ങളിലും കച്ചവട സ്ഥാപനങ്ങൾ നിറഞ്ഞതും ആയതിനാൽ ഈ പ്രദേശത്തു കൂടെയുള്ള ഗതാഗതം ദുഷ്കരവും സമയദൈർഘ്യവുമേറിയതും ആയി തീർന്നിരിക്കുന്നു. മേൽവിവരിച്ച സാഹചര്യം കണക്കിലെടുക്കുമ്പോൾ

റോഡുകൾ വിസ്തൃതമാക്കേണ്ടത് ഒഴിവാക്കാനാവാത്ത ആവശ്യമായതിനാൽ തത്തമംഗല ത്തിനും, പെരുവെമ്പ് കവലയ്ക്കുമിടയിൽ ഒരു ബൈപ്പാസ് റോഡ് നിർമ്മിക്കുവാൻ അർത്ഥനാധികാരി ഉദ്ദേശിക്കുന്നു. S.R.O.No.915/2018 പ്രകാരം കേരള സർക്കാർ റവന്യൂ (ബി) വകുപ്പ് പ്രസ്തുത പദ്ധതി ഒരു പൊതു താത്പര്യമായി പരിഗണിച്ച് തത്തമംഗലം, പെരുവെമ്പ് വില്ലേജുകളിൽപെട്ട 2.7894 ഹെക്ടർ സ്ഥലം പദ്ധതിക്കായി കണ്ടെത്തുകയും ചെയ്തു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായനഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2 ബി (i) പ്രകാരം നിർദ്ദിഷ്ട പദ്ധതി ഒരു പൊതു താത്പര്യമായി കണക്കാക്കാവുന്നതാണ്.

## 2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, , ലക്ഷ്യം, ചിലവ് തുടങ്ങിയ വിവരങ്ങൾ

തത്തമംഗലത്തിനും പെരുവെമ്പിനും ഇടയിലെ നിർദ്ദിഷ്ട ബൈപ്പാസ് റോഡ് നിർമ്മാണം ലക്ഷ്യം വയ്ക്കുന്നത് ഈ പ്രദേശത്തെ ജനങ്ങളുടെ മെച്ചപ്പെട്ട ജീവിത നിലവാരവും, സുഗമമായ ഗതാഗതവുമാണ്. പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ തത്തമംഗലം വില്ലേജിൽ 494/58, 50,4 എന്നീ ബ്ലോക്കുകളിലെ 5/1, 6,8,3/6,7,6/2,14/6,13/4,13/3,13/2,14/3, 14/1,16,3/5,3/3,3/2,4/3,4/8,4/2,4/1,5/4,13/9,13/8,14/4,2,1,18,11/17,11/15, എന്നീ സർവ്വേ നമ്പറുകളിൽ പെട്ട 2.7894 ഹെക്ടർ സ്ഥലത്താണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

പദ്ധതി നിർമ്മാണം 2 ഘട്ടങ്ങളിലായാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. 3.76 കി.മീറ്റർ ദൈർഘ്യത്തിലും 7 മീറ്റർ വീതിയിൽ ക്യാരേജ് പാത ഉൾപ്പെടെയാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ആദ്യഘട്ടമായ 750 മീറ്റർ ബൈപ്പാസ് റോഡ് നിർമ്മാണത്തിന് ആകെ 298 ലക്ഷം രൂപയാണ് വകവരുത്തിയിട്ടുള്ള ചിലവ്. ഭൂമി ഏറ്റെടുക്കൽ നടപടികൾ റോഡിന്റെ ഘടന, കലുങ്ക്, കാന, ഡിവൈഡർ, വശങ്ങളിലെ വേലി, റോഡിന്റെ ഉപരിതലം മറ്റു അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ ആദ്യ ഘട്ടത്തിൽ ഉൾപ്പെടുന്നു.

## 2.4 ഇതര മാർഗ്ഗങ്ങൾ പരിഗണിക്കൽ

റോഡിന്റെ ഇരുവശങ്ങളിലും കച്ചവട സ്ഥാപനങ്ങളും മറ്റു പ്രധാന സ്ഥാപനങ്ങളായ ക്ഷേത്രങ്ങൾ, പള്ളികൾ എന്നിവയാൽ ഇടുങ്ങിയതായി തീർന്നിരിക്കുന്ന നിലവിലെ സാഹചര്യത്തിൽ തത്തമംഗലം നഗരത്തിലെ സംസ്ഥാന ഹൈവേ വിസ്തൃതമാക്കുക സാധ്യമല്ല. നിർദ്ദിഷ്ട പദ്ധതിയായ തത്തമംഗലത്തിനും, പെരുവെമ്പിനും ഇടയിലെ റോഡു നിർമ്മാണം മറ്റു മാർഗ്ഗങ്ങൾ പരിഗണിക്കുമ്പോൾ ആഘാതങ്ങൾ കുറഞ്ഞതും ആകുന്നു.

## 2.5 പദ്ധതി നിർമ്മാണഘട്ടങ്ങൾ

3.76 കി.മീറ്റർ ദൈർഘ്യമുള്ള നിർദ്ദിഷ്ട ബൈപ്പാസ് റോഡ് നിർമ്മാണം 2 ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. ആദ്യ ഘട്ടത്തിൽ മേട്ടുപാളയം കവലയിലെ പി.ടി.പി.

റോഡിൽ നിന്നും 15/800 കി.മീറ്ററിൽ ആരംഭിച്ച് തത്തമംഗലം-പാലത്തുള്ളി മുനിസിപ്പൽ റോഡിൽ 750 മീറ്റർ വിസ്തൃതിയിൽ ബന്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

**2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ**

7 മീറ്റർ വീതിയിൽ ക്യാരേജ് നിർമ്മാണം ഉറപ്പു വരുത്തുന്നതിന് 20 മീറ്റർ വീതിയിലാണ് പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നത്. 60.എം.എം ഗ്രെയ്ഡഡ് മെറ്റൽ കൊണ്ടുള്ള രണ്ട് പാളികളുള്ള സബ് ബേസും, 36.എം.എം മെറ്റൽ കൊണ്ടുള്ള ബേസും 20 .എം.എം , ചിപ്പിംഗ് കാർപ്പെറ്റ് വിരിച്ച W.B.M ഉപരിതലവുമാണ് അർത്ഥനാധികാരി വിഭാവനം ചെയ്തിരിക്കുന്നത്. 60.എം.എം ഗ്രെയ്ഡഡ് മെറ്റൽ ഉപയോഗിച്ച് 1.3.6 അനുപാതത്തിൽ നിർമ്മിച്ച് കോൺക്രീറ്റ് മതിലുകൾ വശങ്ങളുടെ സംരക്ഷണത്തിനും കാനകളുടെ നിർമ്മാണത്തിനും ആവശ്യമായി വരുന്നിടത്തെല്ലാം വൈദ്യുതി പോസ്റ്റുകളുടെ പുനഃസ്ഥാപനവും പദ്ധതി നിർമാണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത**

കലുങ്കുകൾ, കാനകൾ, ഡിവൈഡർ, വശങ്ങളിലെ സംരക്ഷണ ഭിത്തി, റോഡിൻെറ ഉപരിതലം തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യഘട്ടമായ 750 മീറ്റർ നിർമ്മാണത്തിൽ 6 കലുങ്കുകളുടെ നിർമ്മാണവും വിഭാവനം ചെയ്തിട്ടുണ്ട്.

**2.8 ആവശ്യമായ സ്ഥിരവും താത്കാലികവുമായ തൊഴിൽ ശക്തി**

ടെണ്ടറിംഗ് നടപടികളുടെ വേളയിൽ പൊതുമരാമത്ത് വകുപ്പ് തീരുമാനിക്കുന്ന സ്ഥിരവും കോൺട്രാക്ട് വ്യവസ്ഥയിലുള്ള തൊഴിലാളികളും അനുയോജ്യമായ യന്ത്ര സാമഗ്രികളും നിർമ്മാണ ഘട്ടത്തിൽ ഉണ്ടായിരിക്കും.

**2.9 മുമ്പേനടത്തിയ സാമൂഹ്യപരിസ്ഥിതിപ്രത്യാഘാത വിലയിരുത്തൽ/സാങ്കേതിക സധതാ പഠനങ്ങളുടെ വിവരങ്ങൾ**

ലഭ്യമായ വിവരങ്ങൾ പ്രകാരം പദ്ധതിക്കുവേണ്ടി മുമ്പേ സാമൂഹ്യ/പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങൾ മറ്റൊന്നും നടത്തിയിട്ടില്ല. സാങ്കേതികാ സാധ്യതാ പഠനങ്ങളുടെ വിവരങ്ങളും ലഭ്യമല്ല.

**2.10 ബാധകമായ നിയമങ്ങളും നയങ്ങളും**

തത്തമംഗലം-പെരുവെമ്പ് ബൈപ്പാസ് റോഡ് നിർമ്മാണത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ ഭൂമി ഏറ്റെടുക്കൽ, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013.
- കേരള സർക്കാർ – റവന്യൂ (ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O.(Ms)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം.
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള പോളിസി.
- വിവരാവകാശ നിയമം 2005.

# അദ്ധ്യായം 3

# പഠനസംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം

## 3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4(1) പ്രകാരം നിർദ്ദിഷ്ട പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണ റിപ്പോർട്ട് തയ്യാറാക്കുന്നതിനും 20.12.2018ലെ കേരള ഗസറ്റ് വിജ്ഞാപനം G.O(P)No..88/2018/RD പ്രകാരം കളമശേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തി. അതിൻ പ്രകാരം സമാന പദ്ധതികളിൽ പരിചയ സമ്പന്നരായ വ്യക്തികൾക്ക് നിശ്ചിതമായ ഉത്തരവാദിത്തങ്ങളും, കർത്തവ്യങ്ങളും നൽകി പഠന സംഘത്തിന് രൂപം നൽകി.

**പട്ടിക (3.1)**

| ക്രമനമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യതയും പദവിയും | പ്രവർത്തി പരിചയം |
|---|---|---|---|
| 1 | മീന കുരുവിള | എം.എസ്.ഡബ്ല്യു. ചെയർപേഴ്സൺ | വികസനമേഖലയിൽ 30 വർഷത്തെ പരിചയം |
| 2 | മരിയ ടെൻസി വി. എസ് | എം.എ. ഡി.എസ്..എസ് റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 27 വർഷത്തെ പരിചയം |
| 3 | രഞ്ചിത് കെ യു | ബി.എ., ഡി.എസ്..എസ് റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 23 വർഷത്തെ പരിചയം |
| 4 | ബിജു സി പി | ബി.എ. ഡെവലപ്പ്മെൻറ് ഓഫീസർ | വികസനമേഖലയിൽ 24 വർഷത്തെ പരിചയം |
| 5 | ലിജി വി.ഇ. | എം.എസ്.ഡബ്ല്യു. റിസേർച്ച് | വികസനമേഖലയിൽ 20 വർഷത്തെ |

| | | | |
|---|---|---|---|
| | | അസ്സോസിയേറ്റ് | പരിചയം |
| 6 | ദിവ്യ.പി.ജി. | എം.എ റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 10 വർഷത്തെ പരിചയം |
| 7 | ചിത്ര.കെ. | എം.എസ്.ഡബ്ല്യു. റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 2 വർഷത്തെ പരിചയം |

## 3.2. സാമൂഹ്യ പ്രത്യാഘാത പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രത്തെക്കുറിച്ചും വിവരശേഖരണം നടത്തിയ മാർഗത്തെക്കുറിച്ചുമുള്ളവിശദീകരണവും യുക്തിയും

പാലക്കാട് ജില്ലാ കളക്ടറുടെ 17.10.2018ലെ മുഖ്യ കത്ത് പ്രകാരവും പൊതുമരാമത്തുവകുപ്പ് (റോഡ് വിഭാഗം പാലക്കാട്) എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ സ്ഥലങ്ങളുടെ ലിസ്റ്റ് പ്രകാരവും 19 ഭൂ ഉടമകളുടെ ഉടമസ്ഥതയിലുള്ള 30 സ്ഥലങ്ങൾ നിർദ്ദിഷ്ട പദ്ധതിയായ തത്തമംഗലം-പെരുവെമ്പ് ബൈപ്പാസ് റോഡ് നിർമ്മാണത്തിനുവേണ്ടി കണ്ടെത്തി. ഇവയിൽ 4 എണ്ണം സർക്കാർ ഭൂമിയാണ്. ശേഷിച്ച 15 ഉടമകളുമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ബന്ധപ്പെട്ടു. ഭൂഉടമകളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഒരു വ്യക്തി തൻെറ ഭൂമി 6 വ്യക്തി കൾക്കായി വിറ്റുവെന്നും അതിൽ ഒരാൾ പദ്ധതി ആഘാത ബാധിതനായ മറ്റൊരു വ്യക്തിയുടെ നിർദ്ദിഷ്ട കാര്യം വെളിപ്പെടുത്തിയ ആളുടെ നിര്യാതയായ ഭാര്യയാണെന്നും അറിയിച്ചു. കൂടാതെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത മറ്റൊരു വ്യക്തിയും തൻെറ സ്ഥലം ഏറ്റെടുക്കുന്നതിവേണ്ടി അടയാളപ്പെടുത്തിയിട്ടുള്ളതായും അറിയിച്ചു. ആയതിനാൽ 21 വ്യക്തികളെ പദ്ധതിയുടെ ആഘാത ബാധിതരായി കണക്കാക്കേണ്ടതാണ്. പിന്നീട് പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് സർവ്വേയിലൂടെ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ വിലയിരുത്തി പ്രത്യാഘാത നിയന്ത്രണ ആസൂത്രണം റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ നിർണ്ണായക വിവരങ്ങൾ ശേഖരിച്ചു.

പ്രത്യാഘാത ബാധിതരാകുന്ന ഓരോ വ്യക്തികൾക്കും ഉണ്ടാകാനിടയുള്ള ആഘാതങ്ങൾ വ്യത്യസ്തമായിരിക്കാം എന്നതിനാൽ എല്ലാവരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സാമൂഹ്യ സാമ്പത്തിക സർവ്വേയിലൂടെയാണ് വിവര ശേഖരണം നടത്തിയത്. പദ്ധതിയുടെ ആഘാതങ്ങളുടെ ആഴവും പരപ്പും മനസ്സിലാക്കുന്നതിന് വ്യക്തികഗത അഭിമുഖങ്ങളും ഗ്രൂപ്പ് ചർച്ചകളും നടത്തി.

ഫീൽഡ് നിരീക്ഷകർ പദ്ധതി ആഘാത ബാധിതരുടെ ഭവന സന്ദർശനം നടത്തി, പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് സാമൂഹ്യ സാമ്പത്തിക സർവ്വേയിലൂ

ടെയാണ് പ്രാഥമിക വിവര ശേഖരണം നടത്തിയത്. പദ്ധതി പ്രദേശത്തോ അതിനടുത്തോ താമസമില്ലാത്ത ഉടമകളിൽ നിന്ന് ഇതേ ചോദ്യാവലി ഉപയോഗിച്ച് ടെലിഫോണിലൂടെ അഭിമുഖം നടത്തി.

പദ്ധതിയുടെ പൊതുവും നിശ്ചിതവും, മുൻ കൂട്ടി കാണാവുന്നതുമായ പ്രത്യാഘാ തങ്ങൾ വിലയിരുത്തുവാൻ പഠനസംഘം പദ്ധതി പ്രദേശത്ത് ഗ്രൂപ്പ് ചർച്ചകളും ആഘാത ബാധിത വ്യക്തികൾ, കാര്യ നിർവ്വഹകർ, ഉദ്യോഗസ്ഥർ, തത്പരകക്ഷികൾ, എന്നിവരുമായി കൂടി കാഴ്ചകൾ നടത്തി. പൊതുമരാമത്ത് വകുപ്പ്, നിരത്ത് വിഭാഗം പാലക്കാടും കേരള സർക്കാരിൻെറ റവന്യൂ വിഭാഗവും പ്രസിദ്ധീകരിച്ച റിപ്പോർട്ടു കളും പഠനത്തിനുവേണ്ടി പരിശോധിച്ചു.

## 3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

ഒരോരുത്തരും പദ്ധതിയ്ക്ക് വേണ്ടി കൈമാറേണ്ട സ്ഥലത്തിൻെറയും തന്മൂലമുണ്ടായേക്കാവുന്ന പ്രത്യാഘാതത്തിൻെറയും അളവ് ഓരോ വ്യക്തികൾക്കും വ്യത്യസ്തമാകയാൽ മാതൃക പരിശോധനാരീതിയെക്കാൾ സാമൂഹ്യസാമ്പത്തിക സർവ്വേയാണ് പഠനത്തിന് അഭികാമ്യമാകുന്നത്. പഠനവിധേയരാകേണ്ടത് 21 ഭൂവുടമകൾ ആയതിനാൽ നിശ്ചിത സമയത്തിനകം വിവരശേഖരണം നടത്തുവാൻ കഴിഞ്ഞു.

## 3.4പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

പൊതുമരാമത്ത്/റവന്യൂ/ജില്ലാഭരണകൂടം എന്നിവിടങ്ങളിൽ നിന്നും പ്രസിദ്ധീകരിച്ച റിപ്പോർട്ടുകൾ, ഫീൽഡ് നിരിക്ഷകർ വിവിധ ഘട്ടങ്ങളിലായി ശേഖരിച്ചു. സാമൂഹ്യ സാമ്പത്തിക പ്രത്യാഘാത സർവ്വേയിലൂടെ ആഘാത ബാധിതരിൽ നിന്ന് വിവരശേഖരണം നടത്തുന്നതിന് നിശ്ചിത ഘടനയിലുള്ള ചോദ്യാവലി തയ്യാറാക്കി, പരിശോധനയും, വിലയിരുത്തലും നടത്തി. പദ്ധതി ബാധിതരായ 21 വ്യക്തികളും .സർവ്വേയിൽ നേരിട്ട് പങ്കെടുത്ത് വിവരങ്ങൾ നൽകി. ജനസംഖ്യാപരം/സാമ്പത്തികം/കുടുംബം/ഉപജീവനം/പദ്ധതി പ്രദേശത്തുള്ള സജീവവും നിഷ്ക്രിയവുമായ വസ്തുക്കൾ/ആഘാതത്തിൻെറ തരവും വ്യാപ്തിയും എന്നീ വിവരങ്ങൾ ലഭ്യമാകുന്നതിനുതകുന്ന ചോദ്യങ്ങളാണ് സർവ്വേയിൽ ഉൾപ്പെടുത്തിയിരുന്നത്. ലഭ്യമായ വിവരങ്ങളും പ്രതികരണങ്ങളും സ്റ്റാറ്റിസ്റ്റിക്കൽ സോഫ്റ്റ് വെയർ ഉപയോഗിച്ച് വിശകലനം നടത്തിയതിൻ പ്രകാരം ലഭിച്ച കണ്ടെത്തലുകൾ പഠനസംഘത്തിൻെറ ശുപാർശകളും ഒന്നിച്ച് രേഖയാക്കി.

### 3.5 തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

പഠനത്തിൻെറ ഭാഗമായി പ്രധാന തൽപരകക്ഷികളുമായി വിവിധ മീറ്റിംഗുകളും, അഭിമുഖങ്ങളും ചർച്ചകളും നടത്തി. ആഘാത ബാധിത വ്യക്തികൾ, അർത്ഥനാധികാരി

യുടെ പ്രതിനിധികൾ, ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ, മറ്റ് തൽപരകക്ഷികൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് 2019 മാർച്ച് 6-ാം തീയതി ചിറ്റൂർ മുനിസിപ്പൽ കോൺഫ്രൻസ് ഹാളിൽ ഒരു ഒരു പബ്ലിക്ക് ഹിയറിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

പട്ടിക 3(5)

| **തീയതി** | **പ്രവർത്തനങ്ങൾ** | **വേദി** |
|---|---|---|
| 16.01.2019 | പ്രാഥമിക പഠനവും കൂടിക്കാഴ്ച്ചകളും | തത്തമംഗലം വില്ലേജ് |
| 18.01.2019 | സാമൂഹ്യ-സാമ്പത്തിക സർവ്വേയും കൂടിക്കാഴ്ച്ചകളും | കമ്മ്യൂണിറ്റിസെൻറർ, അരംഗം റോഡ്, തത്തമംഗലം വില്ലേജ് |
| 22.02.2019 | ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ, വില്ലേജ് ഓഫീസർ, മുനിസിപ്പൽ ചെയർമാൻ എന്നിവരുമായി കൂടിക്കാഴ്ച്ച | പാലക്കാട് കളക്ട്രേറ്റ്, വില്ലേജ് ഓഫീസ്, തത്തമംഗലം മുനിസിപ്പാലിറ്റി |
| 22.02.2019 | പബ്ലിക് ഹിയറിങ്ങിൻെറ നോട്ടീസ് വിതരണവും വാർത്താപ്രക്ഷേപണവും | തത്തമംഗലം വില്ലേജ് |
| 06.03.2019 | പബ്ലിക് ഹിയറിങ്ങ് | ചിറ്റൂർ മുനിസിപ്പൽ കോൺഫ്രൻസ് ഹാൾ |

# അദ്ധ്യായം 4
# സ്ഥലത്തിൻെറ മൂല്യനിർണ്ണയം

### 4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ പെട്ട തത്തമംഗലത്തിനും പെരുവെമ്പി നുമിടയിൽ ബൈപ്പാസ് റോഡ് നിർമ്മാണമാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതി പ്രദേശം ഗ്രാമ പ്രദേശവും ഭൂരിഭാഗം സ്ഥലവും കൃഷി ഭൂമിയുമാണെന്ന് മനസ്സിലാക്കുന്നു. ബ്ലോക്ക് നമ്പർ 49A/58,50,4 എന്നി സർവ്വേ നമ്പറുകളിൽ പെട്ട 2.7894 ഹെക്**ടർ** ഭൂമിയാണ് പദ്ധതിക്കുവേണ്ടി എടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം.

### 4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

തത്തമംഗലം – പെരുവെമ്പ് ബൈപ്പാസ് റോഡ് പദ്ധതിക്കുവേണ്ടി പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ 21 ഭൂ ഉടമകളുടെ സ്ഥലമാണ് ഏറ്റെടുക്കുന്നത്. ആലപ്പുഴ ജില്ല യിലെ കുട്ടനാടിനോടൊപ്പം കേരളത്തിൻെറ നെല്ലറ എന്നറിയപ്പെടുന്ന ചിറ്റൂരിലെയും കൃഷിക്കാർ പൊതുവെ പരമ്പരാഗത കൃഷി രീതികളാണ് അവലമ്പിക്കുന്നത്. ഈ പ്രദേശത്തെ ഭൂമിയിൽ ഭൂരിഭാഗവും നെൽകൃഷിക്കുവേണ്ടിയാണ് ഉപയോഗിക്കുന്നത്. താമസത്തിനും കച്ചവടത്തിനുമായി ഉപയോഗിക്കുന്ന ഏതാനും സ്ഥലങ്ങളുമുണ്ട്.

തത്തമംഗലം നഗരത്തിലെ സസ്ഥാന ഹൈവേയിലെ ഗതാഗതകുരുക്കുകൾ കുറയ്ക്കുവാൻ ലക്ഷ്യം ഇടുന്നതിനാൽ പദ്ധതി വിദ്യാർത്ഥികൾ, രോഗികൾ, ഉപഭോക്താക്കൾ, കച്ചവടക്കാർ തുടങ്ങിയവർക്ക് പ്രയോജനമാകും. പ്രദേശത്തെ ഗതാഗതം സുഗമമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം മാത്രമല്ല, പ്രദേശത്തിൻെറ സാമ്പത്തിക വികസനവും, ഭൂമി വില വർദ്ധനവും സാധ്യമാകും എന്നതിനാൽ പ്രദേശത്തെ ഭൂവുടമകൾക്ക് പദ്ധതി വളരെയധികം പ്രയോജനം ചെയ്യും. ഏതാനും സജീവ നെൽ വയലുകൾ ആഘാതബാധിതമാകുന്നുണ്ടെങ്കിലും മെച്ചപ്പെട്ട ഗതാഗത സൗകര്യം ലഭ്യമാകുന്നതിനാൽ പ്രദേശത്തെ കാർഷിക പ്രവർത്തനങ്ങൾക്ക് ഗുണകരമാകും.

### 4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

പദ്ധതിക്കാവശ്യമായ മൊത്തം ഭൂമി പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ ഉൾപ്പെട്ട തത്തമംഗലം വില്ലേജിലെ 5/1,6,8,3/6,7,6/2,14/6,13/4,13/3,13/2,14/3,14/1,16,3/5,3/3, 3/2,4/3, 4/8,4/2,4/1,5/4,13/9, 13/8, 14/4, 2,1,18,11/17,11/15, എന്നീ സർവ്വേ നമ്പറുകളിൽ പെട്ട 2.7894 ഹെക്ടർ സ്ഥലത്താണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ആഘാത

ബാധിതമാകുന്ന ഭൂരിഭാഗവും സ്ഥലവും കൃഷിഭൂമിയാണ്. സർവ്വേ നമ്പർ 14/3ൽ പെട്ട 0.0126 ഹെക്ടർ സ്ഥലവും, 11/15ൽ സർവ്വേ നമ്പറിലെ 0.0252 ഹെക്ടർ സ്ഥലവും, താമസ സ്ഥലങ്ങളാണ്. ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ 0.3546 ഹെക്ടർ സ്ഥലങ്ങൾ പുരയിടമാണ്.

**4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം**

ഏറ്റെടുക്കപ്പെടുന്ന സർവ്വേ നമ്പർ 6/pt, 4/3pt,18/pt ഉൾപ്പെട്ട 0.0890 ഹെക്ടർ ഭൂമിയിലെ പൊതു കനാൽ ആഘാതബാധിതമാകുന്നുണ്ട്. സർവ്വേ നമ്പർ 16/ ptയിലെ 0.0210 ഹെക്ടർ മുനിസിപ്പൽ റോഡും തത്തമംഗലം – പെരുവെമ്പ് ബൈപ്പാസ് റോഡ് പദ്ധതിക്കുവേണ്ടി ഏറ്റെടുക്കപ്പെടുന്നുണ്ട്.

**4.5 പദ്ധതിക്കുവേണ്ടി നിലവിൽ വിലകൊടുത്തുവാങ്ങിയിരിക്കുന്നതോ പാട്ട ത്തിനെടുത്തിട്ടുള്ളതോ ആയ ഭൂമി, പദ്ധതിയ്ക്കാവശ്യമായ ഓരോ ഭൂഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം**

തത്തമംഗലത്തിനും – പെരുവെമ്പിനും ഇടയിൽ ബൈപ്പാസ് റോഡും അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്നതിന് 2.7894 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കപ്പെടുന്നത്. ബന്ധപെട്ട വകുപ്പിൽനിന്നും ലഭ്യമായ വിവരമനുസരിച്ച് പദ്ധതിക്കുവേണ്ടി മുമ്പേ സ്ഥല ങ്ങൾ വിലയ്ക്കു വാങ്ങുകയോ പാട്ടത്തിനെടുക്കുകയോ ചെയ്തിട്ടില്ല.

**4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും**

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ പെട്ട തത്തമംഗലം മുനിസിപ്പാലിറ്റിയിൽ ആണ് പദ്ധതി പ്രദേശം സ്ഥിതി ചെയ്യുന്നത്. കേരളത്തിലെ മികച്ച നെല്ലുത്പാദന കേന്ദ്ര ങ്ങളിലൊന്നായ ചിറ്റൂരും പ്രാന്തപ്രദേശങ്ങളും പരമ്പരാഗത നെൽകൃഷിക്ക് പേരുകേട്ട സ്ഥലങ്ങളാണ്. അതുപോലെ 5 പുരയിടവും 2 താമസസ്ഥലവും ഒഴിച്ചാൽ പദ്ധതി പ്രദേ ശങ്ങളിൽ കൂടുതലും നെൽകൃക്ഷി ചെയ്യുന്ന നിലമാണ്. എന്നിരുന്നാലും ഭൂരിഭാഗം ഭൂ ഉടമകളും നിലവിൽ ഇവിടെ നെൽകൃക്ഷി ചെയ്യുകയോ കൃഷിക്കായി പാട്ടത്തിന് കൊടു ക്കുകയോ ചെയ്യുന്നില്ല. 5 ഭൂ ഉടമകൾ തങ്ങളുടെ സ്ഥലങ്ങളിൽ തെങ്ങ്, നെല്ല് എന്നിവ കൃഷി ചെയ്തുവരുന്നു. നിർദ്ദിഷ്ട പ്രദേശത്ത് ചതുപ്പുനിലങ്ങളുടെ സാന്നിദ്ധ്യം ഉണ്ടെ ന്നിരിക്കിലും പുതിയ റോഡിൻെറ ദൃഡതയ്ക്കും ഈടിനും ആവശ്യമായ നടപടികൾ സ്വീകരിച്ചാൽ ഈ പ്രദേശം പദ്ധതിക്കനുയോജ്യമാണ്.

**4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാ ണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ**

21 ഭൂവുടമകളുടെ 31 സ്ഥലങ്ങളാണ് പദ്ധതി ആഘാതബാധിതമാകുന്നത്. പ്രസ്തുത സ്ഥലങ്ങളിൽ 60% നിലവും ആണ്(N18). 7 സ്ഥലങ്ങൾ പുരയിടവും ആണെന്ന് ചിത്രം 4.7.1ൽ വ്യക്തമാക്കുന്നു. 4 സ്ഥലങ്ങൾ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കനാലുകളാണ്. 2 എണ്ണം താമസസ്ഥലങ്ങളുമാകുന്നു.




21 വ്യക്തികളുടെയും സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത ഭൂമിയുടെയും ഉപയോഗം വിശകലനം ചെയ്യുമ്പോൾ ഭൂരിഭാഗം ഉടമകളും തങ്ങളുടെ സ്ഥലം ഉപയോഗിക്കാതെ തരിശുഭൂമിയായി ഇട്ടിരിക്കുന്നു. (N14) 6 കുടുംബങ്ങൾ തങ്ങളുടെ സ്ഥലത്ത് കൃഷി ചെയ്യുന്നു. ഒരു കുടുംബം താമസത്തിന് ഉപയോഗിക്കുന്നു. സർക്കാരിന്റെ സ്ഥലത്ത് കൂടുതലും ജലസേചനത്തിനുപയോഗിക്കുന്ന കനാലുകളും കൂടാതെ മുനിസിപ്പൽ റോഡുകളും ഉണ്ട്.




**4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം**

25 സെൻറും അതിൽ കുറവും നഷ്ടപ്പെടുന്ന 9 കുടുംബങ്ങളുണ്ട്. 4 കുടുംബങ്ങൾക്ക് 50 സെൻറിൽ കൂടുതൽ ഭൂമിയും 8 കുടുംബങ്ങൾക്ക് 25 സെൻറിനും 50 സെൻറിനുമിടയിലും സ്ഥലം നഷ്ടമാകും.

1 കുടുംബം പദ്ധതി പ്രദേശത്തുനിന്നും കുടിയൊഴിയേണ്ടി വരും. ശേഷിച്ച കുടുംബങ്ങൾക്ക് താമസസ്ഥലമോ കൃഷി സ്ഥലമോ അല്ലെങ്കിൽ രണ്ടും ഒരുമിച്ചോ നഷ്ടപ്പെടുന്നുണ്ടെങ്കിലും കെട്ടിടങ്ങളോ വീടുകളോ നഷ്ടപ്പെടുന്നില്ല. ആഘാതബാധിതമാകുന്ന നിലം 2.4222 ഹെക്ടറാണ്. ആഘാതബാധിതമാകുന്ന 0.3294, 0.0378 ഹെക്ടർ സ്ഥലങ്ങൾ യഥ ക്രമം പുരയിടവും, താമസ സ്ഥലവുമാണ്.

ആഘാതബാധിതരിൽ 15 പേർ തങ്ങളുടെ സ്ഥലം വില കൊടുത്തു വാങ്ങിയതും 6 പേർക്ക് പൂർവ്വീക സ്വത്ത് കൈവന്നതുമാണ്. ആഘാതബാധിത സ്ഥലങ്ങളിൽ 3 എണ്ണം 2 പേരുടെ വീതം കൂട്ടുടമസ്ഥതയിലുള്ളതും 18 എണ്ണം ഓരോ വ്യക്തിയുടെ ഉടമസ്ഥതിയിലുള്ളതുമാകുന്നു. ആഘാതബാധിത വ്യക്തികൾക്ക് പ്രസ്തുത

സ്ഥലം കൈവശമായിട്ട് 5 മുതൽ 60 വരെ വർഷങ്ങളായ്. കഴിഞ്ഞ 3 വർഷങ്ങൾ ക്കുള്ളിൽ നിർദ്ദിഷ്ട ഭൂമിയിൽ യാതൊരുവിധ ക്രയവിക്രയങ്ങളും നടന്നിട്ടില്ല. ഭൂമി കൈവശമായതിൻെറ ശരാശരി കാലയളവ് 25 വർഷമാണ്.

**4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും**

ലഭ്യമായ വിവരമനുസരിച്ച് കഴിഞ്ഞ 3 വർഷത്തിനുള്ളിൽ പ്രദേശത്തേ ഭൂമി വില 2.50 ലക്ഷത്തിനും 3 ലക്ഷത്തിനും ഇടയിലാണ്. ചില പ്രദേശങ്ങളിൽ വ്യത്യാസം വന്നേക്കാം. ആധാര ഉടമയുടെ മരണം മൂലം ഏതാനും ചില കുടുംബങ്ങളിൽ ഉടമസ്ഥതയിൽ വ്യത്യാസം വന്നിട്ടുണ്ടെന്നുള്ളതൊഴിച്ചാൽ കഴിഞ്ഞ 3 വർഷക്കാലത്തിനുള്ളിൽ മറ്റു കൈമാറ്റങ്ങളൊന്നും നടന്നിട്ടില്ല. പദ്ധതി പ്രദേശത്തെ ഭൂമിയുടെ ഉപയോഗത്തിലോ കൃഷിയിലോ മാറ്റം ഒന്നും തന്നെ ഉണ്ടായിട്ടില്ല.

# അദ്ധ്യായം 5

## ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

### 5.1 കുടുംബങ്ങളുടെ കണക്ക്

പാലക്കാട് ജില്ലകളക്ടറുടെ 17/102018ലെ കത്ത് പ്രകാരവും പൊതുമരാമത്ത് വകുപ്പ്, നിരത്ത് വിഭാഗം, പാലക്കാട് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ പട്ടിക പ്രകാരവും തത്തമംഗലം-പെരുവെമ്പ് ബൈപ്പാസ്സ് റോഡ് നിർമ്മാണത്തിനായി കണ്ടെത്തിയിരിക്കുന്നത് 19 വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 30 സ്ഥലങ്ങളാണ്. ഇതിൽ ഒരെണ്ണം സർക്കാർ ഭൂമിയാണ്. ശേഷിച്ച 15 വ്യക്തികളെ സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ പഠന സംഘം ബന്ധപ്പെട്ടു. പ്രാഥമിക പഠനം നടത്തിയ വേളയിൽ ആഘാതബാധിത വ്യക്തികളിൽ ഒരാൾ, ആഘാതബാധിത ഭൂമി യിൽ 1 എണ്ണം ഉടമ 6 വ്യത്യസ്ത വ്യക്തികൾക്കായി വിറ്റുവെന്നും അവരിൽ ഒരാൾ തൻെറ മരണപ്പെട്ട ഭാര്യയാണെന്നും അറിയിച്ചു. പിന്നീട് പട്ടികയിൽ ഉൾപ്പെ ടാത്ത ഒരു വ്യക്തി തൻെറ സ്ഥലവും ഏറ്റെടുക്കുവാൻ മാർക്ക് ചെയ്യതിൽ ഉൾപ്പെ ടുന്നതായി പറഞ്ഞു. ആയതിനാൽ 21 കുടുംബങ്ങളെ പദ്ധതി ആഘാത ബാധിതരായി കണക്കാക്കേണ്ടതാണ്.

#### 5.1.1 പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ ( ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)

പദ്ധതിയുടെ പ്രത്യക്ഷ ആഘാതബാധിതരായ കുടുംബങ്ങളുടെ വിലാസം, സർവ്വേ നമ്പർ, ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ അളവ് എന്നിവ താഴെയുള്ള പട്ടിക വിശദീകരിക്കുന്നു.

| ക്രമ നമ്പർ | സർവ്വേ നമ്പർ | പേര് & വിലാസം | കൃഷിഭൂമി | പുരയിടം | താമസ സ്ഥലം | ആകെ ഭൂമി |
|---|---|---|---|---|---|---|
| 1 | 5/1Pt<br>8/Pt | അച്യുതൻകുട്ടി, ദ്വാരക മേട്ടുപാളയം തത്തമംഗലം | 0.1075 | 0.035 | | 0.1425 |
| 2 | 3/6 Pt | ചന്ദ്രൻ പണിക്കത്ത്, ചെമ്പടം മേട്ടുപാളയം തത്തമംഗലം-678102 | 0.1075 | | | |
| 3 | 3/6 Pt | സേതു പണിക്കത്ത്, ചെമ്പടം | 0.1075 | | | |

| | | | | | | |
|---|---|---|---|---|---|---|
| | | മേട്ടുപാളയം<br>തത്തമംഗലം-678102 | | | | |
| 4 | 13/4 Pt<br>13/3 Pt<br>13/2 Pt | മുഹമ്മദ്ഇസ്മയിൽ. ടി.എൻ, അരംഗം റോഡ്<br>ചുരം, തത്തമംഗലം | 0.15 | | | 0.15 |
| 5 | 14/3 Pt<br>14/1 Pt | സാജൻ.p,<br>SG-38, ശ്രീരംഗം ഗാർഡൻ, ശ്രീ.വിഘ്നേശ്വർ,<br>ചന്ദ്രനഗർ,പാലക്കാട് | 0.0091 | | 0.0126 | 0.0217 |
| 6 | 4/1 Pt | ടി.ആർ ബാലചന്ദ്രൻ,<br>S/O രാമ മൂർത്തി,അരംഗം റോഡ്<br>തത്തമംഗലം | | 0.0592 | | 0.0592 |
| 7 | 5/4 Pt | ശിഖ.എസ്<br>വി.സുദർശനൻ<br>പുത്തൻപുളിയൽ, കുളങ്ങര, പെരുവമ്പ, പാലക്കാട് | 0.3185 | | | 0.3185 |
| 8 | 13/9 Pt | നാരായണൻ.കെ.വി,<br>മാങ്കാവ് കുളം, തത്തമംഗലം | 0.274 | | | 0.274 |
| 9 | 13/8 Pt<br>14/4,<br>2,1/ Pt | സഹീദ. എം<br>മാങ്കാവ് കുളം, തത്തമംഗലം | 0.3707 | | | 0.3707 |
| 10 | 11/17 Pt,<br>11/15 Pt | അൻസാരി,<br>സൗരീത് മൻസിൽ<br>തത്തമംഗലം | | 0.1898 | | 0.1898 |
| 11 | 11/17 Pt | സഫിയ്യ<br>സൗരീത് മൻസിൽ<br>തത്തമംഗലം | | 0.0365 | | 0.0365 |
| 12 | 11/17 Pt | കെ.എ.ബർക്കീസ്, മലക്കർ (H) | | 0.0089 | | 0.0089 |
| 13 | 3/5 Pt<br>3/3 Pt<br>3/2 Pt | സരസ്വതി കൃഷ്ണൻ (മനോന്മണി,) സത്രം സ്ട്രീറ്റ്, പുതു നഗരം | 0.3262 | | | 0.3262 |
| 14 | 11/15 Pt | ബൾക്കീസുമ്മ,<br>ബർക്കീസ്<br>ബീവി, സൈനൽ മലക്കർ (H)<br>ചെന്താമര നഗർ<br>തത്തമംഗലം | | | 0.0252 | 0.0252 |
| 15 | 7 Pt | സുഗന്ധി ആനന്ദൻ പള്ളതം പുള്ളി (H) | 0.1202 | | | 0.1202 |

| | | | | | | |
|---|---|---|---|---|---|---|
| 16 | 7 Pt | എസ്.സജി,<br>പനൻഗാട്രി(H)<br>നെറ്റാട്ടുകുളം,<br>കൊല്ലം കോട് | 0.0504 | | | 0.0504 |
| 17 | 7 Pt | ബി.സുരേഷ്കുമാർ<br>ശ്രീവള്ളി(H)<br>മുല്ലക്കൽകുളമ്പു, വടവന്നൂർ | 0.1145 | | | 0.1145 |
| 18 | 6/2 Pt | കെ.അച്യുതൻ<br>സി.കെ.സുധ<br>ചാലക്കുളം, തത്തമംഗലം | 0.1694 | | | 0.1694 |
| 19 | 6/2 Pt | എം.ബി.വിനോദ്,<br>മഠത്തിൽ(H)<br>പരുത്തിപുള്ളി.പി.ഒ | 0.0642 | | | 0.0642 |
| 20 | 14/4 Pt | പ്രിയൻ,<br>അരംഗം എസ്റ്റേറ്റ്<br>തത്തമംഗലം | 0.1147 | | | 0.1147 |
| 21 | | അബ്ദുൾ കരീം<br>അരംഗം റോഡ്<br>തത്തമംഗലം | 0.1011 | | | 0.1011 |

ആഘാത ബാധിത വ്യക്തികളിൽ നിന്നും, ആഘാത ബാധിതമാകുമെന്ന് അവകാശപ്പെട്ട വ്യക്തികളിൽ നിന്നും ലഭ്യമായ പ്രാഥമിക വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പട്ടിക തയ്യാറാക്കിയിരിക്കുന്നത്. സ്ഥലത്തിൻെറ യഥാർത്ഥ രേഖകൾ വിശകലനം ചെയ്യേണ്ടതാണ്.

**5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

തത്തമംഗലം-പെരുവെമ്പ് ബൈപ്പാസ് റോഡ് നിർമ്മാണത്തിനുവേണ്ടി ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ നെൽകൃഷി ചെയ്യപ്പെടുന്ന നിലവും മറ്റു സ്ഥലങ്ങളും ഉൾപ്പെടുന്നു. പക്ഷെ പട്ടിക വർഗ്ഗ/ആദിവാസി വർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങളൊന്നും പദ്ധതി ആഘാതബാധിതമാകുന്നില്ല.

**5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

ജലസേചനത്തിനുപയോഗിക്കുന്ന കനാൽ ഒഴിച്ചാൽ തത്തമംഗലം-പെരുവെമ്പ് ബൈപ്പാസ് റോഡ് നിർമ്മാണത്തിൻെറ ഭാഗമായി മറ്റ് പൊതുസ്വത്തുക്കൾ ആഘാതബാധിതമാകുന്നില്ല.

**5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

അടുത്തയിടെ സർക്കാർ ഭൂമി നൽകിയ കുടുംബങ്ങൾ പ്രദേശത്തില്ല,ആയതിനാൽ അത്തരം കുടുംബങ്ങൾ പദ്ധതി ബാധിതമാകുന്നില്ല.

**5.5. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

കഴിഞ്ഞ 3 വർഷ കാലയളവിനുള്ളിൽ ആഘാത ബാധിത കുടുംബങ്ങളിൽ ആരും അവിടെ ഭൂമി വാങ്ങിയിട്ടില്ല. നിർദ്ദിഷ്ട ഭൂമി 6 കുടുംബങ്ങൾക്ക് പൂർവ്വീക സ്വത്താ യി കൈവന്നതും 15 കുടുംബങ്ങൾ 3 വർഷങ്ങൾക്കു മുമ്പേ വാങ്ങിയിട്ടുള്ളതു മാകുന്നു. നിർദ്ദിഷ്ട ഭൂമി കുടുംബങ്ങൾക്ക് കൈവശമായിട്ട് ശരാശരി 25 വർഷ മായി. കൂടാതെ പദ്ധതി പ്രദേശത്തിൻെറ ഭൂരിഭാഗവും നെൽകൃഷി ചെയ്യുന്ന നിലമാണ്. വാസസ്ഥലങ്ങൾ വളരെ കുറവേ ഉള്ളൂ.

**5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

നെൽകൃഷിയും തെങ്ങുമാണ് ഈ പ്രദേശത്തെ പ്രധാന കൃഷികൾ. നിർദ്ദിഷ്ട ബൈപ്പാസ് റോഡ് നിർമ്മാണ പദ്ധതി മൂലം കൃഷി ആഘാത ബാധിതമാകുന്നതി നാൽ 3 കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗം നഷ്ടമാകുന്നു. ഇവരുടെ ശരാശരി മാസവരുമാനം 12333.00രൂപയും കുടുംബത്തിലെ എല്ലാവരും തന്നെ ശരാശരി 70 വയസ്സ് പ്രായമുള്ള വയോജനങ്ങളാണ്. ഇതിൽ ഒരു കുടുംബത്തിൽ വിധവ യായ ഒരു വൃദ്ധ മാത്രമേ ഉള്ളൂ.

***5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)***

പദ്ധതി ബാധിത പ്രദേശത്ത് കൃഷി ചെയ്യുന്ന ആഘാത ബാധിത കുടുംബങ്ങൾ സ്വന്തമായി കൃഷി ചെയ്യുന്നവരും, കാർഷികാവശ്യങ്ങൾക്കോ മറ്റു ആവശ്യങ്ങൾക്കോ തങ്ങളുടെ ഭൂമി പാട്ടത്തിന് നൽകിയിട്ടില്ലാത്തതുമാണ്. തത്തമംഗലം-പെരുവെമ്പ് ബൈപ്പാസ് റോഡ് നിർമ്മാണ പദ്ധതി പ്രദേശത്ത് പരോക്ഷ ആഘാത ബാധിത രായി ആരും തന്നെയില്ല.

**5.6.2 ചുവടെ കൊടുത്തിരിക്കുന്ന കച്ചവട/സ്ഥാപനങ്ങൾ പദ്ധതി ആഘാത ബാധിതമായേക്കാം.**

പദ്ധതി പ്രദേശത്ത് നെൽവയലും തെങ്ങിൻതോപ്പുകളും ഉണ്ട്. ഒരു കുടുംബത്തിന് തങ്ങളുടെ വീടും സ്ഥലവും നഷ്ടമാകും. മറ്റൊരു കുടുംബത്തിൻെറ ചുറ്റുമതിൽ

ആഘാത ബാധിതമാകും. പ്രദേശത്തെ സജീവമായ 2 നെൽവയലുകളും 200 തെങ്ങുകളും 2 ചന്ദനമരവും ആഘാത ബാധിതമാകും.

# അദ്ധ്യായം 6

## സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)

### 6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

കേരള - തമിഴ്നാട് സംസ്ഥാനങ്ങളിൽ അങ്ങോട്ടും ഇങ്ങോട്ടും ചരക്ക് ഗതാഗതം നടക്കുന്ന പ്രധാന വഴിയാണ് തത്തമംഗലം. യാത്ര വാണിജ്യ വാഹനങ്ങളുടെ ആധിക്യം നിമിത്തം പ്രദേശത്തെ പ്രധാന നഗരങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗതാഗത കുരുക്കാണ് ചിറ്റൂർ താലൂക്കിലെ തത്തമംഗലത്തിനും പെരുവമ്പിനുമിട യിലെ നിർദ്ദിഷ്ട ബൈപ്പാസ് റോഡ് നിർമ്മാണത്തിന് വഴി തെളിയിച്ചത്. പദ്ധതി ജനങ്ങളിൽ വിവിധങ്ങളായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നുണ്ട്. പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായ 21 കുടുംബങ്ങളുടെ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലം തുടർണുള്ള ഭാഗങ്ങളിൽ വിവരിക്കുന്നു.

ചിത്രം 6.1 സൂചിപ്പിക്കുന്നതുപോലെ പദ്ധതി പ്രദേശത്തെ കുടുംബങ്ങളിൽ ഭൂരിഭാഗവും (14) ഹിന്ദു മത വിഭാഗത്തിൽ പെടുന്നവരും ശേഷിച്ച 7 കുടുംബങ്ങൾ മുസ് ലീം വിഭാഗത്തിൽ പെടുന്നവരും ആണ്. 18 കുടുംബങ്ങൾ മറ്റു പിന്നോക്ക വിഭാഗത്തിലും 3 കുടുംബങ്ങൾ പൊതു വിഭാഗത്തിലും പെടുന്നു **(പട്ടിക 6.1.1)**

പദ്ധതി ആഘാതബാധിതരാകുന്ന 60 വ്യക്തികളിൽ 16 പേർ 24-45 പ്രായവിഭാ ഗത്തിലും, 14 വ്യക്തികൾ 46-60 പ്രായവിഭാഗത്തിലും പെടുന്നു. പദ്ധതി ബാധിത രിൽ വയോജനങ്ങളുടെ എണ്ണം കൂടുതലാണ്. 61-70 പ്രായവിഭാഗത്തിൽപെട്ട 10 വ്യക്തികൾ 70നു മുകളിൽ പെട്ട 7 വ്യക്തികളും ഉണ്ട്. 5 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 5 ആണ്. 6-15, 16-25 പ്രായവിഭാഗത്തിൽ 4 പേർ വീതമുണ്ട് **(ചിത്രം, 6.1.2)**

ആഘാതബാധിത ജനങ്ങളിൽ ലഭ്യമായ പ്രാഥമിക വിവരമനുസരിച്ച് 35 പുരുഷ ന്മാരും, 25 സ്ത്രീകളുമാണ് എന്ന് ചിത്രം 6.1.3ൽ രേഖപ്പെടുത്തിയിരിക്കുന്നു.

പട്ടിക 6.1.2ൽ പ്രതിപാദിക്കുന്ന ജനങ്ങളുടെ വൈവാഹികാവസ്ഥയനുസരിച്ച് 35 പേർ വിവാഹിതരും, 17 പേർ അവിവാഹിതരുമാണ്. 4 വിധവ/വിഭാര്യരും, പദ്ധതി ബാധിത ജനങ്ങളിൽ ഉണ്ട്.

സർവ്വേയിൽ ലഭിച്ച വിവരപ്രകാരം പദ്ധതി ബാധിതരിൽ പകുതിപേരും അതായത് 31 പേർ സ്കൂൾ വിദ്യാഭ്യാസം മാത്രമേയുള്ളൂ. കൂടാതെ ബിരുദധാരികളായ 15

പേരും ബിരുദാനന്ത ബിരുദധാരികൾ 2 പേർ ഉണ്ട്. ബി.ടെക്/എം.ബി.എ എന്നീ തൊഴിലധിഷ്ടിത വിദ്യാഭ്യാസയോഗ്യതയുള്ള 3,4, വ്യക്തികൾ ഉണ്ട്.

**(പട്ടിക 6.1.3)**




**പട്ടിക 6.1.1 പട്ടിക (6.1.1.)**

| **സാമൂഹ്യ വിഭാഗം** | **കുടുംബങ്ങളുടെ എണ്ണം** |
|---|---|
| മറ്റ് പിന്നോക്ക വിഭാഗം | 18 |
| പൊതുവിഭാഗം | 3 |
| **ആകെ** | **21** |







**പട്ടിക (6.1.2)**

| **വൈവാഹികാവസ്ഥ** | **വ്യക്തികളുടെ എണ്ണം** |
|---|---|
| വിവാഹിതർ | 39 |
| അവിവാഹിതർ | 17 |

| | |
|---|---|
| വിധവ/വിഭാര്യൻ | 4 |
| **ആകെ** | **60** |

**(പട്ടിക 6.1.3)**

| **വിദ്യാഭ്യാസനിലവാരം** | **അംഗങ്ങളുടെ എണ്ണം** |
|---|---|
| 4–ം ക്ലാസ്സ് വരെ | 7 |
| 7–ം ക്ലാസ്സ് വരെ | 2 |
| 10–ം ക്ലാസ്സ് വരെ | 22 |
| ബിരുദം | 15 |
| ബിരുദാനന്തര ബിരുദം | 2 |
| ബി.ടെക് | 3 |
| എം.ബി.എ | 4 |
| മറ്റുള്ളവ | 4 |
| **ആകെ** | **59** |

### 6.2 വരുമാനവും ദാരിദ്ര്യതലവും

ആഘാതബാധിത കുടുംബങ്ങൾ വിവിധ മാസ വരുമാന വിഭാഗങ്ങളിൽ വച്ച് നോക്കുമ്പോൾ ഏകദേശം സമാന ഗണത്തിൽ പെടുന്നതായി ചിത്രം 6.1.2ൽ തരം തിരിക്കപ്പെട്ടിരിക്കുന്നു. 10000–20000, 30000–40000,40000–50000 എന്നീ വിഭാഗങ്ങളിൽ മാസ വരുമാനമുള്ള 3 കുടുംബങ്ങൾ വീതമുണ്ടെന്ന് സർവ്വേയിൽ വെളിപ്പെട്ടു. 1 കുടുംബത്തിന് 5000 രൂപയിൽ താഴെയും 5 കുടുംബങ്ങൾക്ക് 20000–30000നും ഇടയിലാണ് മാസ വരുമാനം. 4 കുടുംബങ്ങൾക്ക് 5000–10000നും ഇടയിലാണ് മാസവരുമാനം. പദ്ധതി ബാധിത കുടുംബങ്ങൾക്ക് ശരാശരി 25190 രൂപ മാസ വരുമാനമുള്ളപ്പോൾ ഒരു മാസത്തെ ശരാശരി ചിലവ് 19000 രൂപയാണ്. 12 കുടുംബങ്ങളിൽ ഒരംഗം മാത്രമേ വരുമാന ദായകനായുള്ളത്. 9 കുടുംബങ്ങളിൽ 2 അംഗങ്ങൾ വീതം വരുമാനദായകരായുണ്ട്. കുടുംബങ്ങളിലെ ആശ്രിതരുടെ ശരാശരി എണ്ണം രണ്ടും പ്രതിശീർഷ വരുമാനം 8816 രൂപയുമാണ്.

ചിത്രം 6.2.2 കുടുംബങ്ങളുടെ ദാരിദ്ര്യതലം വെളിപ്പെടുത്തുന്നു. മഞ്ഞ നിറത്തിലുള്ള റേഷൻ കാർഡുടമകളായ ആരും തന്നെ പദ്ധതി ബാധിത കുടുംബങ്ങളിൽ ഇല്ല എന്ന തിനാൽ സാമ്പത്തികമായ വളരെയധികം പിന്നോക്കം നിൽക്കുന്ന ആരും തന്നെ പദ്ധതി ബാധിതരാകുന്നില്ല എന്നു മനസ്സിലാക്കാം. ദാരിദ്ര്യരേഖയ്ക്ക് താഴെ വിഭാഗത്തിൻെറ പിങ്ക് നിറത്തിലുള്ള റേഷൻ കാർഡാണ് ഒരു കുടുംബത്തിനുള്ളത്. 6 കുടുംബങ്ങൾക്ക് നീലയും, 10 കുടുംബങ്ങൾക്ക് വെള്ള നിറത്തിലുള്ള റേഷൻ കാർഡാണുള്ളത്. മേൽപറഞ്ഞ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി ബാധിത കുടുംബങ്ങളിൽ ഭൂരിഭാഗവും ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ ഉള്ളവരാണെന്ന് മനസ്സിലാക്കാം. 4 കുടുംബങ്ങൾ പ്രസ്തുത വരുമാന വിവരം വെളിപ്പെടുത്തിയില്ല.






**6.3. ദുർബലജനവിഭാഗം**

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ തത്തമംഗലം-പെരുവെമ്പ് വില്ലേജുകളിലായി 3.76 കി.മീറ്റർ പ്രദേശത്താണ് പദ്ധതി നടപ്പിലാക്കുന്നത്. വ്യക്തിവികാസത്തിന്റെ സൂചികകളായ വരുമാനം, ആരോഗ്യം എന്നിവ ഈ പ്രദേശത്ത് അനുകൂലമായി കാണപ്പെട്ടുവെങ്കിലും പദ്ധതി നടപ്പിലാക്കുമ്പോൾ പ്രത്യേക പരിഗണന നൽകേണ്ട ദുർബല ജനവിഭാഗങ്ങളും ഇവിടെയുണ്ട്. 18 വയസ്സിൽ താഴെയുള്ള 9 കുട്ടികളും, 60 വയസ്സിൽ മുകളിൽ പ്രായമുള്ള 17 പേർ അതായത്; പദ്ധതി ബാധിതരിൽ 28%, കൂടാതെ വിധവ/വിഭാര്യരായ 4 വ്യക്തികൾ, മാറാരോഗികളായ 8 വ്യക്തികൾ ദുർബല ജനവിഭാഗത്തിൽ പെടുന്നു.

**6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും**

ചിത്രം 4.7.1ൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് പദ്ധതി ബാധിത ഭൂമിയുടെ 58% (18 എണ്ണം) നിലവും, 23% (7എണ്ണം) പുരയിടവുമാണ്. താമസത്തിനുപയോഗിക്കുന്ന 2 സ്ഥലമാണ് പദ്ധതി ആഘാതബാധിതമാകുന്നത്. ഇവരിൽ ഒരു കുടുംബത്തെ കുടിയൊഴിപ്പിക്കേണ്ടി വരും എന്നാണ് മനസ്സിലാക്കുന്നത്. ജലസേചനത്തിനുപയോഗിക്കുന്ന കനാലും മുനിസിപ്പൽ റോഡും ഉൾപ്പെടെയുള്ള 4 സർക്കാർ ഭൂമിയും പദ്ധതി ആഘാതബാധിതമാകുന്നുണ്ട്.

പദ്ധതി പ്രദേശത്തിന്റെ ഭൂരിഭാഗവും (15 എണ്ണം) ഉപയോഗിക്കാതെ കിടക്കുന്നു. ആഘാതബാധിത സ്ഥലങ്ങളിൽ ഒരെണ്ണം ഒരു കുടുംബം താമസത്തിനായി ഉപയോഗിക്കുന്നു. 6 എണ്ണം കൃഷിക്കും മറ്റു ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. പ്രദേശത്തെ പ്രധാന കൃഷികൾ നെല്ലും തെങ്ങുമാണ്. 200 തെങ്ങുകളും നിലവിൽ സജീവമായ നെൽവയലുകളും പദ്ധതി ആഘാതബാധിതമാകുന്നുണ്ട്. (ചിത്രം 4.7.2)

### 6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

പ്രദേശത്തെ പ്രധാന വരുമാനമാർഗ്ഗം കൃഷിയും, കച്ചവടവുമാണ്. ആഘാതബാധിത കുടുംബങ്ങളിൽ 7 കുടുംബങ്ങളുടെ ജീവനമാർഗ്ഗം കച്ചവടവും, 8 കുടുംബങ്ങളുടേത് കൃഷിയുമാണ്. ആഘാതബാധിത വ്യക്തികളിൽ 4 പേർ ജോലിയിൽ നിന്ന് വിരമിച്ച വരാണ്. ആയതിനാൽ പെൻഷനാണ് അവരുടെ പ്രധാന വരുമാനം. ആഘാതബാധിതരിൽ 4 പേർ സർക്കാർ ജോലിക്കാരും 3 പേർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്നവരും 2 പേർ ബാങ്കിൽ ജോലി ചെയ്യുന്നവരും, വ്യക്തി ദിവസകൂലിയിൽ ജോലി ചെയ്യുന്ന തൊഴിലാളിയുമാണ്.

**പട്ടിക (6.5)**

| വരുമാനമാർഗ്ഗം | വരുമാനം (ശതമാനം) |
|---|---|
| കൃഷി | 8 |
| ദിവസവേതനതൊഴിൽ | 1 |
| കച്ചവടം | 7 |
| സ്വകാര്യകമ്പനിജോലി | 3 |
| പെൻഷൻ | 4 |
| ബാങ്ക് ജോലി | 2 |

### 6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

തെങ്ങ്, നെൽകൃഷികൾക്ക് പേരുകേട്ട സ്ഥലമാണ് പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിനെയും തമിഴ്നാട്ടിലെ കോയമ്പത്തൂരിനെയും മധ്യ കേരളത്തിലെ പല ജില്ലകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന തത്തമംഗലം കാർഷികവിളകളുടെ ഒരു പ്രധാന വിപണന മേഖലയാണ്. തത്തമംഗലം – പെരുവെമ്പ് ഗ്രാമങ്ങൾ പ്രധാന വിപണന സ്ഥലങ്ങളാകയാൽ ഇവിടെ നിന്നും ലഭിക്കുന്ന ലാഭവും കൂലിയും കഷിയോടൊപ്പം പദ്ധതി ബാധിത ജനങ്ങളുടെ പ്രധാ ന വരുമാന മാർഗ്ഗങ്ങളാണ്. സർക്കാർ ജോലികളിൽ നിന്നും, സ്വകാര്യ കമ്പനി ജോലിയിൽ നിന്നും ലഭിക്കുന്ന പ്രതിഫലത്തോടൊപ്പം പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങളിൽ നിന്നും കുടുംബങ്ങൾക്ക് വരുമാനം ലഭിക്കുന്നുണ്ട്.

### 6.7 കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന സംഘത്തിന്റെ കാഴ്ച്ചപ്പാടിൽ പ്രസ്തുത പ്രദേശത്തെ ജനങ്ങൾ ഏകമനസ്സോടെ പ്രദേശത്തിന്റെ വികസനത്തിനുവേണ്ടി പ്രവർ

ത്തിക്കുന്നവരാണ്. പദ്ധതി പ്രദേശത്ത് പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിന് ചെന്താര നഗറിൽ ഗവൺമെൻറ് യു.പി.സ്കൂൾ പ്രവർത്തിക്കുന്നു. കൂടാതെ കലാ-കായിക മേഖല കളെയും വായനയും പ്രോത്സാഹിപ്പിക്കുവാൻ വിവിധ ക്ലബ്ബുകളും പ്രദേശത്തുണ്ട്

**6.8. ഭരണ സംഘടനകൾ**

തത്തമംഗലം വില്ലേജ് കാര്യാലയം പദ്ധതി പ്രദേശത്തിനടുത്ത് പ്രവർത്തിക്കുന്നു.

**6.9 രാഷ്ട്രീയ സംഘടനകൾ**

പൊതുവസ്തുക്കൾ ഏറ്റവും കുറവ് ആഘാതബാധിതമാകുന്ന വിധത്തിലാണ് തത്തമം ഗലം-പെരുവെമ്പ് ബൈപ്പാസ് റോഡ് നിർമ്മാണം വിഭാവന ചെയ്തിരിക്കുന്നത്. പദ്ധതി പ്രദേശത്തിനടുത്ത് രഷ്ട്രീയ സംഘടനകളുടെ സ്ഥാപനങ്ങൾ ഉള്ളതായ് കാണപ്പെടുന്നില്ല

**6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ**

പ്രദേശത്ത് എല്ലാ മത വിഭാഗങ്ങളിലുംപ്പെട്ട ജനങ്ങൾ ഉണ്ടെങ്കിലും കൂടുതൽ പേരും ഹിന്ദു മത അനുയായികളാണ്. വേട്ടകറുപ്പൻ കോവിൽ, വിനായക കോവിൽ എന്നീ ക്ഷേത്രങ്ങളും മജ്ലിസ് ഷംസുൽസുന്നത്ത് മോസ്ക്കും പദ്ധതി പ്രദേശത്ത് സ്ഥിതി ചെയ്യുന്നു.

**6.11 പ്രാദേശികവും ചരിത്രപരവുമായ പരിണാമപ്രക്രിയ**

പാലക്കാട് ജില്ലയിലെ തത്തമംഗലം - പെരുവെമ്പ് വില്ലേജുകളിലെ 3.76 കി.മീറ്റർ പ്രദേശ ത്താണ് പദ്ധതി നടപ്പിലാക്കുന്നത്. പാലക്കാട്-പൊള്ളാച്ചി റോഡ് സംസ്ഥാന ഹൈവേ 27 കടന്നുപോകുന്ന ഒരു പ്രധാന നഗരത്തെ തത്തമംഗലം, ജില്ലാതലസ്ഥാനമായ പാലക്കാട് നിന്നും 17 കി.മീ. തെക്ക് കിഴക്കായി കണ്ണാടിപുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്നു. പ്രസ്തുത പ്രദേശം സ്വാതന്ത്ര്യത്തിനു മുമ്പേ പഴയ കൊച്ചി രാജഭരണത്തിൻ കീഴിൽ ആയിരുന്നതി നാൽ ധാരാളം പുരാതന ക്ഷേത്രങ്ങളാലും ഉത്സവങ്ങളാലും പ്രസിദ്ധമാണ്. പുരാതന കാലം മുതലേ നെൽകൃഷിയായിരുന്നു ഈ പ്രദേശത്തെ ഉപജീവനമാർഗ്ഗം. പിന്നീട് തെങ്ങിൻ തോപ്പുകളും ഉടലെടുത്തു. റോഡ് സൗകര്യങ്ങൾ വികസിച്ചതോടെ പൊള്ളാച്ചിയും പാല ക്കാടും തമ്മിൽ ബന്ധിപ്പിക്കുന്ന സംസ്ഥാന ഹൈവേ നിലവിൽ വന്നതോടെ ഇവിടം ധാരാളം വാണിജ്യ വാഹനങ്ങൾ കടന്നുപോകുന്നിടമായി. പ്രദേശത്തെ ഭൂരിഭാഗം ജന ങ്ങൾക്കും രണ്ടു ഭാഷകളും കൈകാര്യം ചെയ്യാനാകുന്നവരും ഏറെപേരും തമിഴ് മാതൃഭാഷ യായി സ്വീകരിച്ചവരുമാണ്.

### 6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

സ്ക്കൂൾ, ഹോസ്പിറ്റൽ, പൗര സംഘടനകൾ, സാമൂഹ്യ സംഘടനകൾ തുടങ്ങിയവ പ്രസ്തുത പ്രദേശത്തുണ്ട്. ഭൂരിഭാഗം ജനങ്ങളും വരുമാനരേഖയ്ക്ക് മുകളിലുള്ള വരാണ്.പാലക്കാട് നഗരത്തിലേക്ക് എളുപ്പത്തിൽ എത്തിച്ചേരാം എന്നതിനാൽ അവിടെയുള്ള സൗകര്യങ്ങളായ ഉന്നത വിദ്യാഭ്യാസം, മികച്ച ആശുപത്രികൾ എന്നിവയുടെ സേവനം ജനങ്ങൾക്ക് ലഭ്യമാകും. പ്രധാന റെയിൽ വേസ്റ്റേഷൻ (പാലക്കാട് ജംഗ്ഷൻ), വിമാനത്താവളം (കോയമ്പത്തൂർ)എന്നിവിടങ്ങളിലേയ്ക്കുള്ള ദൂരം യഥാക്രമം 20 കി.മീറ്ററും 25 കി.മീറ്ററുമാണ്.

# അദ്ധ്യായം 7

# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

## 7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം പദ്ധതിയുടെ പ്രത്യാഘാത ദുരീകരണം 3 ഘട്ടങ്ങളായാണ് വിലയിരുത്തിയത്. ആദ്യ ഘട്ടത്തിൽ പ്രാഥമിക പഠന ത്തിലൂടെ ഒരു ഭൗതിക വിലയിരുത്തൽ നടത്തി. പദ്ധതിയുടെ ആശങ്കകളെക്കുറിച്ചും നേട്ടങ്ങളെക്കുറിച്ചും മനസ്സിലാക്കി. നിശ്ചിത ഘടനയിലൂടെയുള്ള ചോദ്യാവലിയിലൂടെ പദ്ധതി ബാധിത വ്യക്തികളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്തു. പിന്നീട് തത്പരകൃക്ഷികളും പ്രദേശത്തെ പ്രധാന വ്യക്തികളുമായി നടത്തിയ അഭിമുഖത്തിലൂടെ പദ്ധതിയുടെ പൊതുവായുള്ള ആശങ്കകളെക്കുറിച്ച് മനസ്സിലാക്കി. മൂന്നാമത്തെ ഘട്ടമായി പദ്ധതിയുടെ ആഘാതത്തെയും ആശങ്കകളെയും കുറിച്ച് വിശദമായി മനസ്സിലാക്കുവാൻ പബ്ലിക്ഹിയറിംഗ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

## 7.2. ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

കഴിയുന്നത്ര ആഘാതങ്ങൾ കുറയ്ക്കുന്ന വിധത്തിലാണ് അർത്ഥനാധികാരി 3.76 കി.മീറ്റർ ദൈർഘ്യമുള്ള തത്തമംഗലം-പെരുവെമ്പ് ബൈപ്പാസ് റോഡ് നിർമ്മാണം വിഭാവന ചെയ്തിരിക്കുന്നത്. ജനവാസ മേഖല ഒഴിവാക്കി പദ്ധതി ആസൂത്രണം ചെയ്തിരിക്കു ന്നതിനാൽ 1 വീട് ഒഴിച്ച് മറ്റ് നിർമ്മിതികളൊന്നും പദ്ധതി ആഘാതബാധിതമാകുന്നില്ല. കാർഷിക ഭൂമിയെയും വളരെ കുറച്ചേ ബാധിക്കാവൂ എന്നതിനാൽ നിർദ്ദിഷ്ട റോഡ് കടന്നുപോകുന്നത് ഭൂരിഭാഗവും നിലവിൽ കൃഷി ചെയ്യാത്ത മേഖലയിലൂടെയാണ്. എന്നി രുന്നാലും 21 കുടുംബങ്ങൾ പദ്ധതി ബാധിതമാകുന്നതിനാൽ ആഘാതം ദൂരീകരിക്കുന്ന തിനും പരിഹരിക്കുന്നതിനുമായി താഴെ പറയുന്ന നടപടികൾ കൈക്കൊള്ളേണ്ടതാണ്.

- ആഘാതബാധിതമായേക്കാവുന്ന പൊതു സൗകര്യങ്ങൾ, വാസ സ്ഥലങ്ങളിലേ യ്ക്കും മറ്റു സ്ഥലങ്ങളിലേയ്ക്കുമുള്ള വഴി എന്നിവ പുനസ്ഥാപിതമാക്കുക
- ആഘാതബാധിതമാകുന്ന ജലസേചന കനാലുകൾ കഴിയുന്നത്ര ആളുകൾക്ക് കൃഷിയ്ക്കും മറ്റ് ആവശ്യങ്ങൾക്കും ഉപയുക്തമാക്കുന്നവിധം പുനർനിർമ്മിക്കുക
- പദ്ധതി മൂലം നശിപ്പിക്കപ്പെടുന്ന തെങ്ങുകൾക്ക് പകരമായി തെങ്ങിൻതൈകൾ വിത രണം ചെയ്ത് പ്രസ്തുത നഷ്ടം പരിഹരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളണം.
- പദ്ധതിബാധിത കുടുംബങ്ങളുടെ ഭാവി വരുമാനം ഉറപ്പ് വരുത്തുവാൻ നഷ്ടമാ കുന്ന ഉപജീവനമാർഗം പുനഃസൃഷ്ടിക്കുക.

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ജനങ്ങളുടെ സുരക്ഷയും ശരിയായ വിധത്തിലുള്ള മാലിന്യനിർമ്മാജനവും ഉറപ്പ് വരുത്തുക.

**7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായനഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(Ms) No.448/ 2017/RD നമ്പർ പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരമുള്ള നടപടികൾ നിർദ്ദിഷ്ട പദ്ധതിയ്ക്ക് ബാധകമാണ്.

**7.4. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ**

ആഘാതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിന് മതിയായ തുക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ടെന്ന് അർത്ഥനാധികാരി വെളിപ്പെടുത്തി.

**7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

ബാധകമല്ല

**7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായനഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(Ms) No.448/ 2017/RD നമ്പർ പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുന:സ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരമുള്ള നടപടികൾ നിർദ്ദിഷ്ട പദ്ധതിയ്ക്ക് ബാധകമാണ്.

| ക്രമനമ്പർ | ആഘാതദൂരീകരണ നടപടി | പ്രവർത്തനങ്ങൾ | സമയക്രമം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | നഷ്ടപരിഹാരവും പുന:സ്ഥാപനവും | ആഘാതം വിലയിരുത്തൽ | |
| | | നഷ്ടപരിഹാരം കണക്കാക്കൽ | |
| | | നഷ്ടപരിഹാരം കണക്കാക്കൽ | |
| 2 | പൊതുസൗകര്യങ്ങൾ പുന:സ്ഥാപിക്കൽ | റോഡ് നിർമ്മാണത്തോടൊപ്പം പൊതുസൗകര്യങ്ങൾ പുന:സ്ഥാപിക്കൽ | |
| 3 | ആഘാതബാധിത ഉപജീവനമാർഗത്തിനുള്ള നടപടി | ഉപജീവനമാർഗം<br>പുനസ്ഥാപിക്കൽ | |
| 4 | പരിസ്ഥിതി ആഘാത ദൂരീകരണം | വെട്ടിമാറ്റപ്പെടുന്ന തെങ്ങുകൾക്ക് പകരം തെങ്ങിൻ തൈകളുടെ വിതരണം | |
| 5 | സുഗമവും സുരക്ഷിതവുമായ ഗതാഗതം ഉറപ്പ് വരുത്തൽ | നിർമ്മാണഘട്ടത്തിൽ സുരക്ഷിതവും സുഗമവുമായ ഗതാഗതത്തിനും ശരിയായ മാലിന്യനിർമ്മാർജനത്തിനുമുള്ള പദ്ധതി ആസൂത്രണം | |

# അദ്ധ്യായം 8
# സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണ സ്ഥാപനസംവിധാനം

### 8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

പാലക്കാട് ജില്ലയിലെ തത്തമംഗലം – പെരുവെമ്പ് റോഡ് വികസനം നടപ്പിലാക്കുന്നത് പൊതുമരാമത്ത് വകുപ്പാണ്. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം സംസ്ഥാന സർക്കാർ വ്യക്തമായ ഉത്തരവാദിത്തങ്ങൾ നൽകി പ്രത്യേകം ഉദ്യോഗസ്ഥരെ പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ൽ നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിൻെറ ഉത്തര വാദിത്തം. സർക്കാരിൻെറയും, പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള കമ്മീഷ ണറുടെയും മേൽനോട്ടത്തിനും മാർഗ്ഗദർശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ്ക്കുവേണ്ടിയുള്ള പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്.

23/09/2015 ൽ പുറപ്പെടുവിച്ച ഉത്തരവ് G.O.(MS)No.485/2015/RD പ്രകാരം ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടി കേരള സർക്കാർ രൂപീ കരിച്ച നയത്തിൽ പറയുന്ന പ്രകാരം ന്യായമായ നഷ്ടപരിഹാരം, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവയ്ക്ക് വേണ്ടിയുള്ള ജില്ലാതല കമ്മിറ്റിയിൽ ചുവടെ ചേർക്കുന്ന ആളുക ളെ ഉൾപ്പെടുത്തേണ്ടതാണ്.

- ജില്ലാ കളക്ടർ, പുനഃരധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനഅധികാരികളുടെ പ്രതിനിധികൾ

- തദ്ദേശ സ്വയംഭരണ വകുപ്പിൻെറ പ്രതിനിധികൾ പുനരധിവാസ നടപടി രൂപരേഖ നിരീക്ഷിക്കുന്നതായിരിക്കും.

**8.2. ഗവൺമെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.3.സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

കേരള പൊതുമരാമത്ത് വകുപ്പ് റോഡ് ഡിവിഷൻ ഇതിനെക്കുറിച്ച് അന്തിമ തിരുമാനം കൈകൊള്ളും

**8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃര ധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 9
# സാമൂഹ്യ പ്രത്യാഘാതംകൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

### 9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

പൊതുമരാമത്ത് വകുപ്പ്, നിരത്ത് വിഭാഗം, ചിറ്റൂർ, പദ്ധതിയുടെ ആദ്യഘട്ടമായ 750 മീറ്റർ ദൈർഘ്യത്തിൽ ബൈപാസ് റോഡ് നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായ് 82 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

ബാധകമല്ല

### 9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

ബാധകമല്ല

# അദ്ധ്യായം 10
# സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

തത്തമംഗലത്തിനും പെരുവെമ്പിനുമിടയിൽ ബൈപാസ് റോഡ് നിർമ്മിക്കുന്ന തിന് 21 കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥലവും 4 സർക്കാർ ഭൂമിയുമാണ് ഏറ്റെടുക്കപ്പെടുന്നത്. മേൽനോട്ടത്തിനും വിലയിരുത്തലിനുമുള്ള പ്രധാന സൂചികകൾ ഇവയാണ്.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2015 അനുശാസിക്കുന്ന ന്യായമായ നഷ്ടപരിഹാരവും പുനഃസ്ഥാപനവും.
- ആഘാത ബാധിത കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരം സമയാധിഷ്ടിതമായി നൽകുക.
- നിശ്ചയിക്കപ്പെട്ട സമയക്രമമനുസരിച്ച് പദ്ധതി നടപ്പിലാക്കൽ
- സുരക്ഷാ നടപടികളും പരിസ്ഥിതി സുരക്ഷാ നടപടികളും
- ഉപജീവനമാർഗ്ഗം പുനഃസ്ഥാപിക്കുക

## 10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ സംസ്ഥാന സർക്കാർ രൂപീകരിച്ച നയങ്ങൾക്കനുസൃതമായി റിപ്പോർട്ടിംഗും മേൽനോട്ടവും

## 10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

ബാധകമല്ല

# അദ്ധ്യായം 11

# നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

## 11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ തത്തമംഗലത്തിനും പെരുവെമ്പിനുമിടയിൽ പുതിയ ബൈപ്പാസ് റോഡിൻെറ നിർമ്മാണം 2009 ജനുവരി 2–ാം തീയതിയിലെ കേരള സംസ്ഥാന മുഖ്യമന്ത്രിയുടെ “വിഷൻ 2010” പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. തത്തമംഗലം നഗരത്തിലെ വീതി കുറഞ്ഞതും വാഹന ആധിക്യമേറിയതുമായ പൊതു നിരത്തുകളിലും സംസ്ഥാന ഹൈവേ 27 ലും നിലവിൽ അനുഭവപ്പെടുന്ന ഗതാഗത കുരുക്കുകൾ കുറച്ച് ഗതാഗതം സുഗമമാക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. 7 മീറ്റർ വീതിയുള്ള ക്യാരേജ്‌വേ ഉൾപ്പടെ 20 മീറ്റർ മൊത്തം വീതിയിലും 3.76 കി.മീറ്റർ നീള ത്തിലുമാണ് പദ്ധതി ആസൂത്രണം ചെയ്യുന്നത്. ചിറ്റൂർ–തത്തമംഗലം മുനിസിപ്പാലിറ്റി പ്രദേശത്തുനിന്നും പെരുവെമ്പ് പഞ്ചായത്തിൽനിന്നുമായി 2.7894 ഹെക്ടർ ഭൂമി ഈ പദ്ധതിയ്ക്ക് വേണ്ടി കേരള പൊതുമരാമത്ത് വകുപ്പ് കണ്ടെത്തി രേഖപ്പെടുത്തി യിട്ടുണ്ട്. നിർദ്ദിഷ്ട പദ്ധതി ഒരു പൊതു ആവശ്യമായ് പരിഗണിക്കാക്കാവുന്നതാണ്.

നിലവിലെ മാപ്പിങ്ങ് പ്രകാരം 1 കുടുംബം കുടിയൊഴിയേണ്ടിവരും കൂടാതെ നിർജ്ജീവവും സജീവവുമായ നെല്ല്/തെങ്ങ് കൃഷിയിടങ്ങളും ജലസേചനത്തിനായ് ഉപയോഗിക്കുന്ന കനാൽ, റോഡ് എന്നിവ ഉൾപ്പെടുന്ന സർക്കാർ സ്ഥലങ്ങളും പദ്ധതി ആഘാത ബാധിത മാകുന്നുണ്ട്. അനുയോജ്യമായ നഷ്ടപരിഹാരവും പുനരധിവാസവും പുന:സ്ഥാപനവും നൽകി പ്രസ്തുത ആഘാതങ്ങൾ ദൂരീകരിക്കേണ്ടതാണ്.

3.76 കി.മീറ്റർ ദൈർഘ്യത്തിൽ നടപ്പിലാക്കുന്ന പദ്ധതിയ്ക്ക് വേണ്ടി 21 കുടുംബങ്ങളുടെയും സർക്കാരിൻെറയും ഉടമസ്ഥതയിലുള്ള 2.7894 ഹെക്ടറ് സ്ഥലമാണ ഏറ്റെടുക്ക പ്പെടുന്നത്. ജനവാസ സ്ഥലങ്ങൾ കഴിയുന്നത്ര ഒഴിവാക്കിയും കൂടുതൽ ജനങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കത്തക്ക വിധത്തിലും നിലവിലെ കാനകളും പുതിയ കാനകളും യോജിച്ച് മലിനജലത്തിൻെറ ആധിക്യം ഉണ്ടാകാത്ത വിധത്തിലും കുറഞ്ഞ നിർമ്മാണ ചെലവിലുമാണ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്.

ആഘാതത്തിൻെറ സ്വഭാവം ഓരോ കുടുംബങ്ങളിലും വ്യത്യസ്തമായിരിക്കും. പ്രദേശത്തു നിന്നും കുടിയൊഴിയേണ്ടി വരുന്നതാണ് പദ്ധതിയുടെ ഏറ്റം ആഴത്തിലുള്ള ആഘാതം. ഉപജീവനമാർഗം, കൃഷി എന്നിവയും, ഭൂമിയുടെ ഉടമസ്ഥാവകാശം നഷ്ടമാകുന്നതും

ദൂരീകരിക്കേണ്ട പ്രധാന പ്രത്യാഘാതങ്ങളാണ്. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 അനുശാസിക്കുന്ന ന്യായമായ നഷ്ടപരിഹാരവും പുനഃരധി വാസവും പുനഃസ്ഥാപനവും നൽകിയും നഷ്ടമാകുന്ന വൃക്ഷങ്ങൾക്ക് പകരം നട്ടു പിടിപ്പിച്ച് പരിസ്ഥിതി പുന:ക്രമീകരണം നടപ്പിലാക്കിയും പദ്ധതിയുടെ ആഘാതം ദൂരീ കരിക്കുവാൻ കഴിയും. പ്രദേശത്ത് സുഗമവും സൗകര്യപ്രദവുമായ ഗതാഗതവും അടുത്ത പ്രദേശങ്ങളിലേയ്ക്ക് എളുപ്പത്തിലുള്ള പ്രാപ്യതയും സാധ്യമാകുന്നതിനാൽ സ്ഥല ത്തിൻെറയും മറ്റ് വസ്തുവകകളുടെയും മൂല്യം വർദ്ധിക്കും എന്നതിനാൽ പദ്ധതി ബാധിത കുടുംബങ്ങൾക്ക് നിർദ്ദിഷ്ട റോഡ് നിർമ്മാണത്തിന് അനുകൂല അഭിപ്രായമാണുള്ളത്.

### 11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

തത്തമംഗലം-പെരുവെമ്പ് ബൈപ്പാസ്സ് റോഡ് നിർമ്മാണ പദ്ധതിയുടെ ഗുണകരവും വിപരീ തവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തിയതിൻെറ അടിസ്ഥാനത്തിൽ നിലവിൽ അടയാള പ്പെടുത്തിയിട്ടുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകാവുന്നതാണെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു. പ്രദേശത്തി ൻെറ ജീവിത നിലവാരം പ്രത്യേകിച്ച് ഗതാഗത സൗകര്യങ്ങൾ പദ്ധതി മൂലം മെച്ചപ്പെടും എന്നതിനാൽ ഉണ്ടാകാനിടയുള്ള വിപരീത ആഘാതങ്ങളുമായി ആഘാതബാധിത വ്യക്തി കൾ താദാത്മ്യം പ്രാപിക്കും. പദ്ധതി ആഘാതം ദുരീകരിക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ ശുപാർശ ചെയ്യുന്നു.

2* ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃ രധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2ബി (i) പ്രകാരം നിർദ്ദിഷ്ട പദ്ധതി ഒരു പൊതു താത്പര്യമായി കണക്കാക്കാവുന്നതാണ്.

- ആഘാതബാധിതമായേക്കാവുന്ന പൊതു സൗകര്യങ്ങൾ, വാസസ്ഥലങ്ങളിലേയ് ക്കും മറ്റു സ്ഥലങ്ങളിലേയ്ക്കുമുള്ള വഴി എന്നിവ പുനഃസ്ഥാപിക്കുക.
- ആഘാതബാധിതമാകുന്ന ജലസേചന കനാലുകൾ കഴിയുന്നത്ര ആളുകൾക്ക് കൃഷിയ്ക്കും മറ്റ് ആവശ്യങ്ങൾക്കും ഉപയുക്തമാക്കുന്നവിധം പുനർനിർമ്മിക്കുക
- പദ്ധതി മൂലം നശിപ്പിക്കപ്പെടുന്ന തെങ്ങുകൾക്ക് പകരമായി തെങ്ങിൻതൈകൾ വിത രണം ചെയ്ത് പ്രസ്തുത നഷ്ടം പരിഹരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളണം.
- പദ്ധതിബാധിത കുടുംബങ്ങളുടെ ഭാവി വരുമാനം ഉറപ്പ് വരുത്തുവാൻ നഷ്ടമാ കുന്ന ഉപജീവനമാർഗം പുനസൃഷ്ടിക്കുക.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ജനങ്ങളുടെ സുരക്ഷയും, ശരിയായ വിധത്തി ലുള്ള മാലിന്യനിർമ്മാർജനവും ഉറപ്പ് വരുത്തുക.

## സൂചനങ്ങളും അനുബന്ധങ്ങളും

### സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013
2. ഭൂമി ഏറ്റെടുക്കലിൽ ന്യായമായനഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(Ms) No.448/ 2017/RD നമ്പർ പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുന:സ്ഥാപന പാക്കേജിനുള്ള പോളിസി
3. പാലക്കാട് ജില്ലാ കളക്ടറുടെ 17/10/2018 തീയതിയിലെ കത്ത്
4. പാലക്കട് ജില്ലാ കളകടറൂടെ 29/03/2017 തിയതിയിലെ ഉത്തരവ് നമ്പർ സി.5-2017/12682/9
5. തത്തമംഗലം-പെരുവെമ്പ് ബൈപാസ് റോഡ് നിർമ്മാണ പദ്ധതിയുടെ പൊതുമരാമത്ത് വകുപ്പ്, നിരത്ത് വിഭാഗം, ചിറ്റൂർ തയ്യാറാക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ട് ( ആദ്യഘട്ടം- KM0/0-KM 0/750)
6. തത്തമംഗലം-പെരുവെമ്പ് ബൈപാസ് റോഡിൻെറ നിർദ്ദിഷ്ട അലൈന്മെൻറ് മാപ്പ്
7. പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം, പാലക്കാട് എക്സിക്യൂട്ടിവ് എഞ്ചിനീയർ നൽകിയ ഏറ്റെടുക്കപ്പെടേണ്ട സ്ഥലങ്ങളുടെ അളവും സർവ്വേ നമ്പറും
8. 8.29/12/2018 തീയതിയിലെ കേരള ഗസറ്റ് വിജ്ഞാപനം G.O.(P)No.88/2018/RD
9. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ 2016-17 ലെ വാർഷിക റിപ്പോർട്ട്
10. 22/10/2016 തീയതിയിലെ കേരള പൊതുമരാമത്ത് വകുപ്പ് നിരത്ത്, പാലം മെയിൻറനൻസ് പോളിസി G.O.(Ms)No.72/2016/PWD
11. www.keralapwd.gov.in